2023 ജൂലൈ 25

ബിലീവേഴ്സ് ക്രൈസ്തവ ദ്വൈവാരിക ജേണൽ

VOL:16 ISSUE: 07 RNI.NO.KERMAL/2008/26530 Pages: 20

# ലാങ്കാസ്റ്ററിന് വിട...ഇനി ഹൂസ്റ്റണിൽ...

## 38–ാമത് കോൺഫറൻസിന് അനുഗ്രഹ സമാപ്തി



◈ നാഷണൽ കൺവീനർ റവ. റോബി മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു ◈ വലിയ ജന പങ്കാളിത്വം ◈ മനോഹരമായ ഗാന ശുശ്രൂഷയുമായി ക്വയർ ◈ ചിട്ടയായ ക്രമീകരണങ്ങളുമായി എക്സിക്യൂട്ടീവ് കമ്മിറ്റി

ഈ അന്ത്യകാലത്ത് നമ്മോടുള്ള ദൈവീക ആലോചന അറിയിക്കുവാൻ പരിശുദ്ധാത്മാവ് ആഗ്രഹിക്കുന്നു. അതു ശ്രവിക്കുവാൻ ആഗ്രഹവും സമർപ്പണവും നമുക്കുണ്ടാകണം. പരിശുദ്ധത്മാവ് നമ്മുടെ നിയന്ത്രിതാവായി മാറുമ്പോൾ ദൈവീക പ്രവർത്തി നമ്മുടെ ഇടയിൽ ശക്തമായി വെളിപ്പെടും. കർത്താവിൽ വസിച്ചു ഗുണകരമായ ഫലം ഉള്ളവരായി ഈ കാലഘട്ടത്തിൽ മാറുവാൻ ഉത്സാഹിക്കുവാനും റവ :റോബി മാത്യു ഓർപ്പിച്ചു. മുപ്പത്തിയേട്ടാമത് PCNAK സമ്മേളനം പാസ്റ്റർ റോബി മാത്യു ഉദ്ഘാടനം ചെയ്തു. പരിശുദ്ധാത്മാവിന്റെ ശബ്ദമായി 13

## എ.ജി. ജൂബിലി കോൺഫറൻസ് ആരംഭിച്ചു



**ഫിലദൽഫിയ:** അമേരിക്കയിലെയും കാനഡയിലെയും അസംബ്ലിസ് ഓഫ് ഗോഡ് മലയാളം സഭകളുടെ 25–ാമത് ഫാമിലി കോൺഫറൻസ് ഫിലദൽഫിയയിൽ ആരംഭിച്ചു. പാസ്റ്റർ ജോൺ സി. ദാനിയേലിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ നാഷണൽ കൺവീനർ റവ. സാജൻ ജോർജ് ഉദ്ഘാടനം നിർവ്വഹിച്ചു. ലോക്കൽ കൺവീനർ ബാബുകുട്ടി ജോർജ് സ്വാഗതം ആശംസിച്ചു.

കൊടൈക്കനാലിൽ മിഷനറിയായിരുന്ന റവ.ഡേവിഡ് സ്റ്റുവർട്ട് ജൂനിയർ, റവ. ജോ തോമസ് എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. ഐപിസി മുൻ ജനറൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ ആശംസ അറിയിച്ചു.

ഫിലാഡൽഫിയ റാഡിസൺ ഹോട്ടലിൽ നടക്കുന്ന കോൺഫറൻസ് ജൂലൈ 23 ന് സമാപിക്കും. നാഷണൽ കൺവീനർ റവ. സാജൻ ജോർജ്, നാഷണൽ സെക്രട്ടറി ഫിലിപ്പ് ദാനിയേൽ, ട്രഷറാർ സൈമൺ കെ സൈമൺ തുടങ്ങിയവർ നേതൃത്വം നൽകുന്നു.

## 2024 പിസിഎൻഎകെ ഹൂസ്റ്റൺ വേദിയാകും


### പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ കൺവീനർ; രാജു പൊന്നോലിൽ സെക്രട്ടറി



പാസ്റ്റർ ഫിന്നി ആലുംമൂട്ടിൽ



രാജു പൊന്നോലി



ബിജു തോമസ്



റോബിൻ രാജു



ആൻസി സന്തോഷ്

**ഫിലദൽഫിയ:** അമേരിക്കയിൽ കുടിയേറിയ മലയാളി സമൂഹത്തിൽ ശക്തമായ സാന്നിധ്യമായ പെന്തക്കോസ്ത് വിശ്വാസ സമൂഹത്തിന്റെ 39-മത് ദേശീയ കോൺഫറൻസിന് ഹൂസ്റ്റൺ വേദിയാകും. 2024 ജൂലൈ നാലു മുതൽ ഏഴ് വരെ ഹൂസ്റ്റൺ ജോർജ് 13

## റ്റിജു തോമസും റവ. സണ്ണി താഴാംപള്ളവും ലോക്കൽ കൺവീനർമാർ




റ്റിജു തോമസ്



സണ്ണി താഴാംപള്ളം



സജി ജോർജ്ജ്



ജോഷിൻ ഡാനിയേൽ



ജോബിൻ ജോൺസൺ

**ഹൂസ്റ്റൺ:** നാഷണൽ കൺവീനർ പാസ്റ്റർ ഫിന്നി ആലുംമൂട്ടിലിന്റെ നേതൃത്വത്തിൽ നടന്ന ജനറൽബോഡി മീറ്റിംഗിൽ റ്റിജു തോമസ്, സണ്ണി താഴാംപള്ളം എന്നിവരെ ലോക്കൽ കോ-ഓർഡിനേറ്റർമാരായി തിരഞ്ഞെടുത്തു.

സജിമോൻ ജോർജ് (സെക്രട്ടറി), ജോഷിൻ ഡാനിയേൽ (ട്രഷറർ), ജോബിൻ ജോൺസൺ (ജോ ട്രഷറർ), തോമസ് വർഗീസ് (ഇവന്റ് കോ-ഓർഡിനേറ്റർ) എന്നിവരാണ് മറ്റു ഭാരവാഹികൾ. 20 ഡിപ്പാർട്ട്മെന്റുകളിലായി വിപുലമായ ലോക്കൽ കമ്മിറ്റിയാണ് നിലവിൽ വന്നത്.

39–ാമത് കോൺ 13

## ചർച്ച് ഓഫ് ഗോഡ് കോൺഫറൻസ് സമാപിച്ചു




**അറ്റ്ലാന്റ:** മശിഹ വരുമെന്നത് പഴയനിയമ പ്രവചനങ്ങളുടെ നിവർത്തിയായിരുന്നു. ശത്രു വിവിധ മാർഗങ്ങളിലൂടെ മശിഹയുടെ വരവിനെ തടയാൻ ശ്രമിച്ചെങ്കിലും മശിഹ ജനിച്ചു. എന്നാൽ പ്രവചന പുസ്തകങ്ങൾ കൈവശമുണ്ടായിരുന്ന, പണ്ഡിതന്മാരുണ്ടായിരുന്ന യഹൂദസമൂഹത്തിന് യേശുവിനെ തിരിച്ചറിയാനായില്ല. ക്രിസ്തുവിന്റെ രണ്ടാം വരവ് സമീപിച്ചിരിക്കുന്നു. വചനം കയ്യിലുള്ളവരും നന്നായി വചനം പഠിച്ചിട്ടുള്ളതുമായ ആധുനിക പെന്തെക്കോസ്ത് സമൂഹം യേശുവിന്റെ മടങ്ങിവരവ് അറിയാതെ പോകരുത്. റവ. ഷിബു തോമസ് ഓർപ്പിച്ചു. അമേരിക്കയിലെ ചർച്ച് ഓഫ് ഗോഡ് സഭകളുടെ 26–ാമത് കേൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോക്കൽ കൺവീനർ പാസ്റ്റർ ഏബ്രഹാം തോമസിന്റെ അധ്യക്ഷതയിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ പാസ്റ്റർ ഫിന്നി 13




## കാൽ നൂറ്റാണ്ടിന്റെ ആത്മീയ മുന്നേറ്റം

## രജത ജൂബിലി നിറവിൽ ഐപിസി ടാബർനാക്കിൾ ഡാളസ്

**ബെന്നി തോമസ്, ഡാളസ്**

**ഡാളസ്:** കാൽ നൂറ്റാണ്ടിന്റെ ആത്മീയ പൈതൃക തിളക്കവുമായി ഐപിസി ടാബർനാക്കിൾ,ഡാളസ് സഭ രജതജൂബിലി നിറവിൽ.

1998-ൽ ഡാളസ് പട്ടണത്തിൽ രൂപീകൃതമായ സഭ വിവിധ ഡിപ്പാർട്മെന്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സുവിശേഷകരണത്തിലും ജീവകാരുണ്യ മേഖലയിലും സജീവ സാന്നിദ്ധ്യമായി മുന്നേറുന്നു. സഭയുടെ നേതൃത്വത്തിൽ മിഷൻ പ്രവർത്തനങ്ങൾ ഇന്ത്യയിലും മെക്സിക്കോയിലും അമേരിക്കയിലുമായി നടന്നു വരുന്നു.



റവ. ഡോ. കെ. പി. മാത്യു സീനിയർ ശുശ്രൂഷകനായി സേവനമനുഷ്ഠിക്കുന്നു.

ഓഗസ്റ്റ് അവസാനം വാർഷിക കൺവെൻഷനും ജൂബിലി സമ്മേളനവും നടക്കും. അഭിക്ഷിക്തരായ ദൈവദാസന്മാർ വചന ശുശ്രൂഷ നിർവഹിക്കും.

ജൂബിലിയോടനുബന്ധിച്ച് വിപുലമായ രീതിയിലുള്ള ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ, ആത്മീയ സംഗമം തുടങ്ങിയവ സഭയുടെ ബോർഡും ജൂബിലി കമ്മിറ്റിയും സംയുക്തമായി ചെയ്തു വരുന്നു.



റവ. ഡോ. കെ. പി. മാത്യു

ബിലീവേഴ്സ് ജേണൽ
പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

കേരളാ സ്റ്റേറ്റ് കോർഡിനേറ്റർ
പാസ്റ്റർ തോമസ് ജോർജ്ജ്, കട്ടപ്പന

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box: 58
Kumbanad P.O.,
Thiruvalla
Pin: 689 547

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

OFFICE: 09526602670
Ph: 001 - 678 - 571 - 6398
(USA)

E- mail
beljourn@gmail.com

Website
www.beljourn.com

**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

എഡിറ്റോറിയൽ...

# മണിപ്പൂർ സംഭവം: ലജ്ജിച്ച് തലതാഴ്ത്തുക



**പാസ്റ്റർ സാംകുട്ടി മാത്യു**
**ചീഫ് എഡിറ്റർ**

ഡിജിറ്റൽ ഇന്ത്യയുടെ മഹത്വം വിളിച്ചറിയിക്കുന്ന പരസ്യപ്രചരണങ്ങൾ ഒരുവശത്ത്. ലോകം മുഴുവൻ പറന്നു നടന്ന് ഇന്ത്യയുടെ മഹത്വം പ്രചരിപ്പിക്കുന്ന ഭരണാധികാരികൾ. അപ്പോൾ തന്നെ ഇന്ത്യയുടെ വടക്ക് കിഴക്ക് സംസ്ഥാനത്തുനിന്ന് നിസ്സഹായരായ ഒരു കൂട്ടം ജനത തങ്ങളുടെ ജീവനും നിലനിൽപ്പിനും വേണ്ടി നിലവിളിക്കുകയാണ്. ലോകം മുഴുവനും ആ നിസ്സഹായരുടെ കണ്ണീരിനു മുമ്പിൽ നെഞ്ച് തകർന്നു നിൽക്കുമ്പോൾ കാണേണ്ടവരും സഹായിക്കേണ്ടവരുമായ ഭരണാധികാരികൾ മാത്രം അവരെ ശ്രദ്ധിക്കുന്നില്ല. ബധിര കർണങ്ങളിൽ പതിക്കുന്ന ശബ്ദമായി ആ നിസ്സഹായരുടെ നിലവിളി മാറുന്നു. സഹായിക്കേണ്ടവരും രക്ഷിക്കേണ്ടവരുമായ ഭരണകർത്താക്കൾ കണ്ണടച്ച് മുഖം മറച്ചു നിൽക്കുന്നു. ഭാരതം പോലെ ശക്തമായ സൈന്യം ഉള്ള രാജ്യത്ത് സൈനികർ കാവൽ നിൽക്കുന്ന ഇടത്ത് അക്രമം അരങ്ങു തകർക്കുന്നു. നിസ്സഹാരായവർ കൊല്ലപ്പെടുന്നു. ഇതോടൊപ്പം കൊള്ളിവെപ്പും ഉന്മൂലനവും അരങ്ങുവാഴുന്നു എന്നു പറയുമ്പോൾ ഉണ്ടാകുന്നത് കേവലം സംശയം മാത്രമല്ല അതുതന്നെയാണ് യാഥാർത്ഥ്യം. തങ്ങളുടെ ജനതയ്ക്ക് സുരക്ഷിതത്വം നൽകേണ്ടവർ മൗനവാത്മീകത്തിൽ മുഖം മറയ്ക്കുന്നതിന്റെ ഉദ്ദേശം എന്താണ്. മണിപ്പൂർ പോലൊരു കൊച്ചു സംസ്ഥാനം കത്തി എരിയുവാൻ തുടങ്ങിയിട്ട് മൂന്നു മാസങ്ങൾ ആകുന്നു.

ഒരു ഉത്തരവു കൊണ്ടും ഒറ്റ ശ്രമം കൊണ്ടും ഭരണാധികാരികൾക്ക് അവസാനിപ്പിക്കാവുന്ന കലാപം രക്ഷിക്കേണ്ടവരുടെ മൗനാനുവാദം കൊണ്ടും സൈന്യത്തിന്റെയും പോലീസിന്റെയും സാന്നിധ്യത്തിൽ അക്രമികളുടെ അഴിഞ്ഞാട്ടത്തിൽ മുന്നേറുന്നു.

അറവുമാടുകളെപ്പോലെ പൂർണ നഗ്നരായ രണ്ട് സ്ത്രീകൾ. കേവലം 21 കാരിയായ ഒരു യുവതിയും 42 കാരിയായ മറ്റൊരു സ്ത്രീയും. കാമാന്ധരായ ഒരു കൂട്ടം ആളുകൾ. പൊതുനിരത്തിലൂടെ മർദ്ദിച്ച് സ്വകാര്യ ഭാഗങ്ങളിൽ തൊട്ടും തലോടിയും നടത്തി വയലിലേക്ക് കൊണ്ടുപോയി ബലാത്സംഗം ചെയ്യുന്നു. ആ നിസ്സഹായർ ഉയർത്തിയ നിലവിളിയും കാഴ്ചയും ഏതു മനുഷ്യനെയും ഞെട്ടിക്കും. ഇന്റർനെറ്റ് കട്ട് ചെയ്ത് യഥാർത്ഥ വസ്തുത പുറലോകത്തെത്തുന്നത് ബോധപൂർവ്വം തടഞ്ഞിരുന്നു എന്നതും ഈ കലാപത്തിന്റെ ആസൂത്രിത ഭാവം വെളിപ്പെടുത്തുന്നു. ആൾക്കൂട്ട പീഡനത്തിൽ നിന്ന് രക്ഷപ്പെട്ട യുവതിയുടെ വെളിപ്പെടുത്തൽ നമ്മെ കരയിക്കും. ഈ ഇരകളും ജീവനോടെ ഉണ്ടോ എന്ന സംശയം പലരും ഉന്നയിക്കുന്നു. ഗോത്ര വിഭാഗങ്ങളായ കുകി വിഭാഗത്തിൽപ്പെട്ട ഒരു പിതാവും മകനും മകളും ബന്ധുക്കളായ രണ്ട് സ്ത്രീകളും അടങ്ങുന്ന സംഘം കലാപകാരികളിൽ നിന്ന് രക്ഷപ്പെടുവാൻ ഓടുമ്പോൾ വഴിയിൽ കണ്ട പോലീസ് സംഘത്തിന് അരികിൽ സഹായത്തിനായി ചെന്നു. അവരെ കൂട്ടിക്കൊണ്ടു പോലീസ് സ്റ്റേഷനിലേക്ക് പോകവേ അക്രമിക്കൂട്ടം ഈ സ്ത്രീകളെ ഉപദ്രവിക്കുവാൻ ആരംഭിച്ചു. തന്റെ സഹോദരിയെ ഉപദ്രവിക്കുന്നതിനെ ചെറുത്ത 19 കാരനായ സഹോദരനെ പോലീസുകാർ നോക്കിനിൽക്കെ ആൾക്കൂട്ടം കൊലപ്പെടുത്തി. തന്റെ പിതാവിനെയും അവർ കൊന്നു കളഞ്ഞു എന്ന് പിന്നീട് രക്ഷപ്പെട്ട യുവതി വെളിപ്പെടുത്തി എന്നാണ് ചില വാർത്താ മാധ്യമങ്ങളിൽ വന്ന റിപ്പോർട്ടുകൾ. കേവലം മൃഗങ്ങൾപ്പോലും ചെയ്യുവാൻ അറയ്ക്കുന്ന കിരാതമായ പ്രവർത്തി ചെയ്ത അക്രമികൾക്കെതിരെ നടപടി ഉണ്ടായത് പൊതുസമൂഹത്തിൽ നിന്നുയർന്ന പ്രതിഷേധ ശേഷം മാത്രമാണ്. നൂറുകണക്കിന് ആളുകളുടെ ജീവൻ നഷ്ടപ്പെട്ടു കഴിഞ്ഞു. ആയിരക്കണക്കിന് ആളുകൾ പാർപ്പിടവും സ്വത്തും നഷ്ടപ്പെട്ടവരായി നാടുവിട്ടു പലായനം ചെയ്തിരിക്കുന്നു. ക്രിസ്ത്യാനികളെയും അവരുടെ ആരാധനാലയങ്ങളെയും ഇല്ലാതാക്കാനുള്ള വ്യക്തമായ അജണ്ടയുള്ള ഈ കലാപം അധികാരികളുടെ മൗനാനുവാദത്തോടെ മുന്നേറുമ്പോൾ ഭാരതത്തിലെ മതന്യൂനപക്ഷങ്ങളെ ആർ രക്ഷിക്കും എന്ന ആശങ്ക ശക്തമാവുകയാണ്. ഡിജിറ്റൽ ഇന്ത്യ തലതാഴ്ത്തേണ്ട സംഭവം. ദൈവജനം ഉണരേണ്ട കാലം. പ്രാർത്ഥന ഉയരേണ്ട കാലം. ബലവാനും ബലഹീനനും തമ്മിൽ കാര്യമുണ്ടാകുമ്പോൾ ബലഹീനന് തുണ നിൽക്കുന്ന കർത്താവിനോട് കരയുവാനുള്ള കാലം. സഭ അത് തിരിച്ചറിയണം.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരത ഭരണഘടന തന്നെ മത സ്വാതന്ത്ര്യം ഉറപ്പു നൽകുന്നതാണ്. തങ്ങൾ വിശ്വസിക്കുന്ന മതത്തിന്റെ പ്രചരണം ഉറപ്പു നൽകുന്ന ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം ഇല്ലാതെയാക്കുവാനും ഭൂരിപക്ഷ വർഗ്ഗീയത അടിച്ചേൽപ്പിക്കുവാനുള്ള ശ്രമങ്ങൾ കഴിഞ്ഞ കുറെ നാളുകളായി നടപ്പാക്കുകയാണ്. സംരക്ഷിക്കേണ്ട കരങ്ങൾ തന്നെ നാശകാരണമായി മാറുന്നു. കാണേണ്ടവർ കണ്ണടച്ചു കളയുന്നു. കേൾക്കേണ്ടവർ ചെവി പൊത്തുന്നു. ലോകത്തിനുമുമ്പിൽ തലയുയർത്തി നിന്നിരുന്ന ഭാരതത്തിന്റെ ജനാധിപത്യമൂല്യങ്ങൾ, മതേതരത്വം എല്ലാം കേവലം ചിലരുടെ താൽപ്പര്യങ്ങൾക്കു മുമ്പിൽ ബലികഴിക്കപ്പെടുമ്പോൾ ന്യൂനപക്ഷങ്ങൾ അങ്കലാപ്പിലാണ്. രാഷ്ട്രീയം എന്തുമാകട്ടെ പരസ്പരം ചുട്ടുകൊല്ലുന്ന കിരാത പ്രവർത്തി ചെയ്യുന്നവരെ എന്തുപേർ ചൊല്ലി വിളിക്കും. ഇത്തരം ലജ്ജാകരമായ പ്രവർത്തികൾക്കു മുമ്പിൽ തലകുനിക്കുവാനും ലജ്ജിക്കുവാനും മാത്രമേ കഴിയുന്നുള്ളൂ.

ലേഖനം

# ദൈവമാവശ്യപ്പെട്ടാൽ വടി ജനമാർത്താൽ ഉളി



**പാസ്റ്റർ ഷൈജു ഡാനിയേൽ അടൂർ**

ദൈവം ആവശ്യപ്പെടുമ്പോൾ ദൈവത്തിന്റെ വടിയെടുക്കും... ജനം ആർക്കുമ്പോൾ ഭാഷ വരുത്തുന്ന കൊത്തുളിയെടുക്കും... വടിയും ഉളിയുമായി ജനത്തിന്റെ മുമ്പിൽ നിൽക്കുന്ന അഹരോൻ. ദൈവത്തിന്റെ വടിയും ഭാഷ വരുത്തുന്ന ഒളിയും മാറിമാറി അവസരത്തിനൊത്ത് പ്രയോഗിക്കുന്ന അഹരോന്റെ ആത്മിക മെയ്‌വഴക്കം അങ്ങേയറ്റം അപകടകരമാണ്.

മോശെ എന്ന ദൈവമനുഷ്യൻ പ്രമാണം കൈക്കൊള്ളുവാൻ പർവ്വതം കയറിപ്പോയി. ദൈവവും മോശെയും തമ്മിലുള്ള മഹാസമ്മേളനം പർവ്വത മുകളിൽ നടക്കുമ്പോൾ ഇങ്ങു താഴെ താഴ്‌വരയിൽ ജനം ദൈവഹിതത്തിൽ നിന്നും നിന്നകലുവാനുള്ള ശ്രമം തുടങ്ങി....മോശെ പർവ്വതമുകളിൽ ദൈവസാന്നിധ്യത്തിൽ തുടരവേ, മോശെയുടെ താമസം ജനത്തെ ആശങ്കയിലാക്കി... അവരെല്ലാം കൂടി അഹരോനെ സമീപിച്ചു, കയറിപ്പോയ മോശെയ്ക്ക് എന്ത് ഭവിച്ചു എന്നറിയില്ല, ആയതിനാൽ ഞങ്ങൾക്ക് മുമ്പിൽ നടക്കുവാൻ ഒരു ദൈവത്തെ ഉണ്ടാക്കി തരിക... മോശെയറിയാതെ മോശെയെ ജനം ദൈവമാക്കിത്തുടങ്ങി... മോശെയ്ക്ക് പകരം ദൈവത്തെ ഉണ്ടാക്കി തരിക എന്ന ആവശ്യമാണ് ജനം ഉന്നയിക്കുന്നത്.

ജനത്തിന് നല്ല ബോധ്യമുണ്ട് തങ്ങളുടെ ഇഷ്ടങ്ങൾക്ക് അനുസരിച്ച് ചലിക്കുവാൻ ആരെ സമീപിക്കണമെന്ന്... ജനം അഹരോനെ സമീപിച്ചു. മുൻപിൽ നടക്കാൻ ഒരു ദൈവത്തെ തരൂ, എന്ന് ജനം ആർക്കുമ്പോൾ ദൈവത്തിന്റെ വടി മാറ്റിവെച്ചുകൊണ്ട് അഹരോൻ തന്റെ കൊത്തുളി കയ്യിലെടുത്തു. ജനത്തിന്റെ കാതുകളിൽ നിന്നും പറിച്ചെടുത്ത പൊൻകുണുക്കളിൽ തന്റെ കൊത്തുളി കൊണ്ട് ഭാഷ വരുത്തി ഒരു കാളക്കുട്ടിയെ വാർത്തുണ്ടാക്കി ജനത്തിന് കൈമാറി (പുറപ്പാട് 32:4).

മിസ്രയീമ്യ സർപ്പങ്ങളെ വിഴുങ്ങി കളയുന്ന, അത്ഭുതങ്ങൾ രചിക്കുന്ന അസാധാരണ വടിയുമായി മോശെയ്ക്ക് പ്രവാചകനായി ദൈവം നിയമിച്ചാക്കിയ അഹരോന്റെ കൈവശം ദൈവത്തിന്റെ വടി മാത്രമായിരുന്നില്ല, രഹസ്യത്തിൽ ഒരു കൊത്തുളിയും താൻ കൈവശം കരുതിയിരുന്നു. ദൈവത്തിന്റെ വഴി ദൈവനാമത്തിനായും രഹസ്യത്തെ സൂക്ഷിച്ച കൊത്തുളി ജനത്തെ സന്തോഷിപ്പിക്കുവാനും.

ദൈവത്തിന്റെ വടിയും അഹരോന്റെ ഉളിയും താൻ പിന്തുടരുന്ന ആത്മീയ ഇരട്ടത്താപ്പുകളുടെ പ്രതീകങ്ങളാണ്... ദൈവം ആവശ്യപ്പെട്ടാൽ വടിയും ജനം ആവശ്യപ്പെട്ടാൽ ഉളിയും പ്രയോഗിക്കുന്ന ലവോദിക്യൻ നിലപാടുകൾ.

ശക്തമായി ഒരുവശത്ത് ദൈവത്തിന്റെ നാവായി തിളങ്ങി നിൽക്കുകയും ദൈവത്തിന്റെ വടികൊണ്ട് അസാധാരണമായ അത്ഭുതങ്ങൾ ചെയ്യുകയും ചെയ്യുമ്പോൾ തന്നെ, മറുവശത്ത് ജനത്തെ പ്രസാദിപ്പിക്കുവാൻ കൊത്തുളിപ്രയോഗം നടത്തി കാളകുട്ടിയെ നിർമ്മിക്കുന്ന അഹരോന്യ അപനിർമ്മാണങ്ങൾ ജനത്തെ ഒരു വലിയ ദുരന്തത്തിലേക്ക് തള്ളിവിടുകയാണ്.

ഒന്നുകിൽ ദൈവത്തിന്റെ വടിയുമായി സഞ്ചരിക്കുക, ഭാഷ വരുത്തുന്ന കൊത്തുളി വലിച്ചെറിയുക... അല്ലെങ്കിൽ ജനത്തെ പ്രസാദിപ്പിക്കുന്ന കൊത്തുളിയുമായി തുടരുക, ദൈവത്തിന്റെ വടി ഉപേക്ഷിക്കുക...ഉളിയും വടിയും മാറിമാറി അവസരത്തിന് അനുസരിച്ച് ഉപയോഗിക്കുന്ന കപട പരീശത്വം, കാര്യമറിയാത്ത ഒരുകൂട്ടം ജനത്തെ നിത്യ നരകത്തിന് ഏൽപ്പിച്ചു കൊടുക്കുന്നതാണ്.

ദൈവത്തെ ഉണ്ടാക്കി തരിക എന്ന് ജനം ആർത്തപ്പോൾ, ഞാൻ ദൈവത്തിന്റെ പ്രവാചകനാണെന്നും എന്റെ കൈവശം ദൈവത്തിന്റെ വടിയല്ലാതെ ഭാഷ വരുത്തുന്ന കൊത്തുളിയില്ല എന്ന് പറഞ്ഞ് അവരിൽ നിന്ന് ഒഴിഞ്ഞുമാറി ദൈവത്തോടൊപ്പം ചേർന്നുനിൽക്കാമായിരുന്നു.

അനാവശ്യ ജനപ്രീണനത്തിനായി നാം ദൈവം ഏൽപ്പിക്കാത്തത് പലതും കയ്യിലെടുക്കുമ്പോൾ ഒരു കൂട്ടം ജനം കെട്ടഴിഞ്ഞവരെപോലെയാകുകയാണ്... ജനം എല്ലായ്പ്പോഴും ദൈവിക സ്വാതന്ത്ര്യത്തിന്റെ സീമകൾക്കുള്ളിൽ കെട്ടപ്പെട്ടവരാണ്... ഈ കെട്ട് അഹരോന്യ സമാനരായവർ ഉളി പ്രയോഗത്തിലൂടെ അഴിക്കുമ്പോൾ വലിയ ഒരു വിപത്തിലേക്കാണ് ജനം എത്തപ്പെടുന്നത്.

**ഒന്നുകിൽ ദൈവത്തിന്റെ വടിയുമായി സഞ്ചരിക്കുക, ഭാഷ വരുത്തുന്ന കൊത്തുളി വലിച്ചെറിയുക... അല്ലെങ്കിൽ ജനത്തെ പ്രസാദിപ്പിക്കുന്ന കുത്തുള്ളിയുമായി തുടരുക, ദൈവത്തിന്റെ വടി ഉപേക്ഷിക്കുക...**

യഹോവയുടെ പക്ഷത്തുള്ളവൻ മാറിനിൽക്കട്ടെ... പരസ്യമായി ദൈവത്തിന്റെ വടിയും രഹസ്യത്തിൽ അരയിൽ തിരുകിയൊളിപ്പിച്ച കൊത്തുളിയുമായി ജനത്തെ കെട്ടഴിച്ചുവിടുന്ന അഹരോന്യ നിലപാടുകളിൽ നിന്നും യഹോവയുടെ പക്ഷത്തുള്ളവർ മാറി നിൽക്കട്ടെ. ഭാഷ വരുത്തുന്ന കൊത്തുളി പ്രയോഗത്താൽ ജനത്തെ കെട്ടഴിച്ചുവിടുന്ന കുടിലതകൾക്കെതിരെ പൗലോസ് ചോദിക്കുന്നു, ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ പ്രസാദിപ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവോ? ഇന്നും, ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നുവെങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കില്ല (ഗലാത്യർ 1:10).

# അധഃപതനത്തിന്റെ ജനാധിപത്യം



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഇന്ത്യയിലെ ജനാധിപത്യ പ്രക്രിയയുടെ സ്വഭാവവും സ്ഥിതിയും എന്താണ്. ഒറ്റവാക്യത്തിൽ പറഞ്ഞാൽ ഇന്ത്യൻ ജനാധിപത്യം മരണമടയുകയാണ്. രാഷ്ട്രീയ ഭൂരിപക്ഷത്തെ വർഗീയ ഭൂരിപക്ഷം കൊണ്ട് പകരം വയ്ക്കാനാകുമെന്നതാണ് ഇന്ത്യൻ ജനാധിപത്യം നേരിടാനിരിക്കുന്ന ഏറ്റവും വലിയ ഭീഷണിയെന്ന് ഡോ. ബി ആർ അംബേദ്കർ ഭരണഘടനാ നിർമാണവേളയിൽ ചൂണ്ടിക്കാട്ടിയിരുന്നു. വർത്തമാനകാലത്ത് അക്ഷരാർഥത്തിൽ അത് നടപ്പായിക്കൊണ്ടിരിക്കുന്നു. ഭരണാധികാരികൾ ഭരണഘടനാമൂല്യങ്ങളെ മാനിക്കുന്നില്ലെങ്കിൽ എത്ര മികവുറ്റ ഭരണഘടന കൊണ്ടും നമുക്ക് ജനാധിപത്യത്തെ സംരക്ഷിക്കാനാകില്ലെന്ന അദ്ദേഹത്തിന്റെ നിഗമനത്തെയും കാലം ശരിവയ്ക്കുന്നു. രാഷ്ട്രീയ ജനാധിപത്യവും സാമൂഹ്യ ജനാധിപത്യവും സാമ്പത്തിക ജനാധിപത്യവും ഉൾപ്പെട്ട ഒരു തത്വമാണ് ജനാധിപത്യത്തിന്റെ ശരിയായ ഉള്ളടക്കമെന്ന ആശയത്തിൽനിന്ന്, രാഷ്ട്രീയ ജനാധിപത്യംപോലും ഒരു പുറന്തൊണ്ട് മാത്രമായിക്കഴിഞ്ഞ പതനത്തിലേക്ക് രാജ്യം എത്തിയിരിക്കുന്നു. സാമ്പത്തികവും സാമൂഹ്യവുമായ ജനാധിപത്യമാകട്ടെ ജീവിതത്തിന്റെ വിദൂര ചക്രവാളത്തിൽനിന്നു പോലും മാഞ്ഞുപോയിരിക്കുന്നു.

> അരനൂറ്റാണ്ടുമുമ്പ് ഒരൊറ്റ രാത്രിയിലെ അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിലൂടെയാണ് ഇന്ത്യൻ ജനാധിപത്യം സ്തബ്ധമായിത്തീർന്നതെങ്കിൽ, ഇന്നത് അനുദിനം പടിപടിയായി മരിക്കുകയാണ്. നിത്യേന അരങ്ങേറുന്ന ഈ ജനാധിപത്യ ഹിംസയുടെ നാനാതരം അടയാളങ്ങളാണ് മുകളിൽ പറഞ്ഞതെല്ലാം. ഒരു നൂറ്റാണ്ടു നീണ്ട വിമോചനപ്പോരാട്ടങ്ങളിലൂടെ കൈവരിച്ച ദേശീയ സ്വാതന്ത്ര്യത്തെയും ജനാധിപത്യസംവിധാനങ്ങളെയും സംരക്ഷിക്കാനുള്ള അന്തിമശ്രമങ്ങൾക്കുള്ള സമയമായി എന്നതാണ് ഇതെല്ലാം നമ്മോടു പറയുന്നത്.

പണത്തിന് മാതൃരാജ്യമില്ല; ധനവിനിയോഗ വിദഗ്ധരിൽ നിന്നോ രാജ്യസ്നേഹവും മാന്യതയും കരുതേണ്ടതുമില്ല. ലാഭം മാത്രമാണ് അവരുടെ ലക്ഷ്യം. ധനമൂലധനത്തിന്റെ വിശ്വാസപ്രമാണം ഇതാണ്, നെപ്പോളിയനാണ് ഇങ്ങനെ പറഞ്ഞത്. ധനമൂലധനവുമായി ബന്ധപ്പെട്ടുള്ള ഒരു പ്രയോഗമിങ്ങനെയാണ് സമ്പത്ത് മികച്ച സേവകനാണ്, എന്നാൽ ക്രൂരനായ യജമാനനും'. ആഗോളവൽക്കരണ പ്രക്രിയ അസമത്വവും വ്യാപകവും ആഴമേറിയതുമായ വിരലുകൾ പണനയം പ്രോത്സാഹിപ്പിക്കുന്നു. ധനമൂലധനം തീർക്കുന്ന ഭിന്നതകൾ ഫെഡറലിസത്തിൽ മാത്രമൊതുങ്ങുന്നില്ല.

മതേതരവും ജനാധിപത്യവും സോഷ്യലിസവുമായി ബന്ധപ്പെട്ട എല്ലാറ്റിനും മതമൗലിക ഭീകരത വളർത്തുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ സർക്കാർ അർഹരായവരെ അംഗീകരിക്കുകയോ ധനസഹായം നൽകുകയോ ചെയ്യുന്നില്ല. ഇതിനായി അനുവദിച്ചതും അനുവദിക്കേണ്ടതുമായ ക്ഷേമനിധികൾ വൈകിപ്പിക്കുന്നു. വിദ്യാഭ്യാസ പരിപാടികൾ, പട്ടികജാതിവർഗക്കാർക്കുള്ള സ്കോളർഷിപ്പുകൾ, മാതൃശിശു പോഷകാഹാര പദ്ധതികൾ, ന്യൂനപക്ഷ വികസനം തുടങ്ങി നിരവധി പദ്ധതികൾ ഇല്ലാതാക്കുന്നു. വർഗീയത വളർത്തി, ശിഥിലീകരണത്തിന് വഴിയൊരുക്കുന്ന ആശയങ്ങളുടെ ഇടപെടലും രാജ്യത്ത് വളരുന്നു. ഏകത്വത്തിന്റെയും നാനാത്വത്തിന്റെയും അർത്ഥം ഇല്ലാതാകണമെന്നതാണ് ലക്ഷ്യം. ആർട്ടിക്കിൾ 370 ഇല്ലാതായപ്പോൾ പഴയ വിഭജന ശ്രമങ്ങളുടെ തുടർച്ച ഓർമ്മപ്പെടുത്തി, ജനാധിപത്യ സ്ഥാപനങ്ങൾക്കെതിരെയും ഭിന്നിപ്പിന്റെ അജണ്ടയാണ് പിന്തുടരുന്നത്. കേവല ഭൂരിപക്ഷവാദമായി ചുരുക്കിയാൽ ജനാധിപത്യത്തെത്തന്നെ ഫാസിസത്തിന്റെ മറയായി ഉപയോഗിക്കാനാകും. ജനാധിപത്യം തങ്ങളുടെ ഇച്ഛയുടെ നിർവഹണം മാത്രമാണെന്ന് കരുതുകയും ഭരണഘടനാപരമായ സ്ഥാപന സംവിധാനങ്ങളെല്ലാം അപ്രസക്തമോ അനാവശ്യമോ ആയി വിലയിരുത്തി അവയെ എത്രയും ക്രമവിരുദ്ധമായി മറികടക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഇപ്പോൾ സ്വാഭാവികമായിത്തീർന്നിരിക്കുന്നു.

നമ്മുടെ ജനാധിപത്യപ്രക്രിയയിലെ ആധാരങ്ങൾ സ്വതന്ത്രവും സ്വയംപര്യാപ്തവും ഭരണഘടനാപരമായ സ്ഥാപന സംവിധാനങ്ങളുമാണ്. നിയമനിർമാണസഭ, കോടതി ഭരണനിർവഹണ വിഭാഗം എന്നീ സ്ഥാപനങ്ങളിൽ അവസാനത്തേതായ ഭരണനിർവഹണവിഭാഗം ഇതര വിഭാഗങ്ങളെ വിഴുങ്ങുന്നതിന്റെ ചിത്രമാണ് നമുക്കുമുന്നിൽ പടിപടിയായി ഇതൾ വിരിഞ്ഞുവരുന്നത്. നിയമനിർമാണാധികാരമുള്ള പാർലമെന്റിന്റെയും നീതിന്യായനിർവഹണത്തിന് ചുമതലപ്പെട്ട കോടതിയുടെയും അധികാരമേഖലകളിലേക്ക് ഭരണനിർവഹണവിഭാഗമായ എക്സിക്യൂട്ടീവ് കൂടുതൽ കൂടുതൽ കടന്നുകയറിക്കൊണ്ടിരിക്കുന്നു.ഇന്ത്യൻ ജനാധിപത്യത്തിന്റെ ഈ സമ്പൂർണ പതനത്തിന്റെ അടയാളമാണ് അനുദിനം നമുക്കുചുറ്റും പടരുന്ന വെറുപ്പും വിദ്വേഷവും. ആൾക്കൂട്ടക്കൊലകളും വ്യാജമായ ഏറ്റുമുട്ടൽക്കൊലകളും മുതൽ മതത്തെ മുൻനിർത്തിയുള്ള വേട്ടയാടലുകൾവരെ നിയമവാഴ്ചയുടെ തകർച്ചയുടെ ചിത്രം ഓരോ ദിവസവും ഇന്ത്യൻ ജനതയ്ക്ക് മുന്നിൽ അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഗ്രാമ നഗര ഭേദമില്ലാതെ, ഇന്ത്യൻ ജീവിതപരിസരത്തെ പതിവുകാഴ്ചയായി അത് മാറിക്കൊണ്ടിരിക്കുന്നു.

അരനൂറ്റാണ്ടുമുമ്പ് ഒരൊറ്റ രാത്രിയിലെ അടിയന്തരാവസ്ഥാ പ്രഖ്യാപനത്തിലൂടെയാണ് ഇന്ത്യൻ ജനാധിപത്യം സ്തബ്ധമായിത്തീർന്നതെങ്കിൽ, ഇന്നത് അനുദിനം പടിപടിയായി മരിക്കുകയാണ്. നിത്യേന അരങ്ങേറുന്ന ഈ ജനാധിപത്യ ഹിംസയുടെ നാനാതരം അടയാളങ്ങളാണ് മുകളിൽ പറഞ്ഞതെല്ലാം. ഒരു നൂറ്റാണ്ടുനീണ്ട വിമോചനപ്പോരാട്ടങ്ങളിലൂടെ കൈവരിച്ച ദേശീയ സ്വാതന്ത്ര്യത്തെയും ജനാധിപത്യ സംവിധാനങ്ങളെയും സംരക്ഷിക്കാനുള്ള അന്തിമശ്രമങ്ങൾക്കുള്ള സമയമായി എന്നതാണ് ഇതെല്ലാം നമ്മോടു പറയുന്നത്. സാർവദേശീയഗാനം പറയുന്നതുപോലെ 'ഒടുവിലത്തെ യുദ്ധമായ നിലയെടുത്തു നിൽക്കുവിൻ' എന്ന് ചരിത്രത്തിന്റെ ആഹ്വാനം ചുറ്റും മുഴങ്ങുന്നു.

---

# വേദപഠനം

ഭാഗം – 33



പാസ്റ്റർ പി.ജി. ഏബ്രഹാം




**6. പുതിയ ഉടമ്പടി**

ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്ത് തനിക്ക് അവകാശമായ ഒരു ജനമാക്കിത്തീർത്തതുമുതലുള്ള വാഗ്ദത്തങ്ങൾ ജാതികൾക്ക് അവകാശപ്പെട്ടിരുന്നില്ല. അതിനാലാണ് അവർ വാഗ്ദത്ത നിയമങ്ങൾക്ക് അന്യരാണെന്ന് പറഞ്ഞിരിക്കുന്നത്.

അബ്രഹാമ്യ സന്തതി – വാഗ്ദത്തം പ്രാപിച്ചവർ

അവകാശവും, അനുഗ്രഹവും അവർക്കുള്ളത്.

ജാതികൾ– അന്യർ – 'ക്സെനോസ്' എന്ന ഗ്രീക്ക് പദം 'അഥിതി' "പരദേശി" എന്നീ അർത്ഥത്തിലും ഉപയോഗിക്കുന്നു. ജാതികൾക്ക് അവകാശമില്ല.

എങ്കിലും, ദൈവം അബ്രഹാമിന് വാഗ്ദത്തം കൊടുത്തപ്പോൾ "നിന്റെ സന്തതി മുഖാന്തരം ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടും" (ഉല്പ. 22:18) എന്നരുളിച്ചെയ്ത വാഗ്ദത്തം ക്രിസ്തുവിലൂടെ നമുക്കും അവകാശമാക്കപ്പെട്ടു (മത്താ. 1:1).

**e. പ്രത്യാശയല്ലാത്തവർ** – ഭാവിയെപ്പറ്റി ഉൾക്കാഴ്ചയില്ലാത്തവർ. നിത്യതയെക്കുറിച്ച് യാതൊരു ആശയുമില്ലാത്തവർ (1 തെസ്സ. 4:13) ഭൗതിക വാദികളാണവർ.

**f. ലോകത്തിൽ ദൈവമില്ലാത്തവർ**

ഭൗതികതയിൽ അടിസ്ഥാനമിട്ട്, ലൗകികതയെ മാത്രം ലക്ഷ്യം വെച്ച് മൗഢ്യമായതിന് സേവിച്ച്, സത്യദൈവത്തെ കാണാൻ കഴിയാത്തവർ, ജാതികളുടെ മൊത്തത്തിലുള്ള അവസ്ഥയിതു തന്നെയാണ്. സത്യദൈവത്തെ അറിയാത്തവർ.

ഇക്കൂട്ടർ ആത്മീകമായി മരിച്ചവരാണ് (2:5) 3 വിധത്തിലുള്ള മരണമാണ് തിരുവചനാടിസ്ഥാനത്തിൽ.

**1. ശാരീരിക മരണം.** ഭൂമിയിൽ ജനിച്ച സകല മനുഷ്യർക്കും ദൈവം വെച്ചിരിക്കുന്ന പ്രകൃതിനിയമം

**2. ആത്മീക മരണം.** ദൈവീക കല്പനാ ലംഘനത്താൽ സംഭവിക്കുന്ന മരണം (കൊലോ. 2:13, ഉല്പ. 2:17) പാപത്താൽ സംഭവിക്കുന്ന അവസ്ഥയാണിത്.

**3. നിത്യമരണം.** ദൈവത്തിൽ നിന്നകന്നുപോയവർക്ക് ലഭിക്കുന്ന മരണം അഥവാ രണ്ടാം മരണം (വെളി. 2:11; 20: 14; 21:8). ഇതു നിത്യമായി വേർപെട്ട് പോകുന്ന അവസ്ഥയാണ്. ക്രിസ്തുവിനെ അറിയാതെ ജീവിച്ചാൽ സംഭവിക്കുന്നത് നിത്യമരണമായിരിക്കും.

**വാ. 13 a 'മുമ്പേ ദൂരസ്ഥർ'.** ഈ പ്രയോഗം നേരത്തെ വിവരിച്ചിട്ടുണ്ട്. വീണ്ടും ഒന്നുകൂടി ഓർമ്മിപ്പിക്കുന്നതേയുള്ളൂ. എല്ലാ നിലയിലും 'നിങ്ങൾ, 'അകന്നവരും' അന്യപ്പെട്ടവരും' ആയിരുന്നു. എന്നാൽ 'ഇപ്പോൾ' വർത്തമാനകാലത്തിൽ നിങ്ങൾ അന്യപ്പെട്ടവർ അല്ല. അതിനു കാരണം ക്രിസ്തുവാണ്.

**13 b. 'ക്രിസ്തുയേശുവിൽ' കർത്താവിൽ**

ഗ്രീക്കിൽ 'എൻക്രിസ്റ്റോസ്' പൗലോസിന്റെ എഴുത്തുകളിൽ 60–ൽ പരം പ്രാവശ്യം കാണുന്ന പ്രയോഗമാണിത്. ക്രിസ്തു കേന്ദ്രീകൃതമായ ജീവിതത്തിന് പൗലോസ് ഊന്നൽ കൊടുത്തിരുന്നു. എനിക്ക് ജീവിക്കുന്നത് ക്രിസ്തു എന്ന തീരുമാനം വളരെ ശക്തമാണ്. (ഫിലി.1:21, ഗലാ.2:20). ക്രിസ്തുനിഷേധിയായിരുന്ന പൗലോസ് ക്രിസ്തുവിനെ അറിഞ്ഞു കഴിഞ്ഞപ്പോൾ 'സകലവും കർത്താവിൽ' ആയി മാറ്റപ്പെട്ടു. പ്രസംഗിച്ചാൽ, ജീവിച്ചാൽ, മരിച്ചാൽ എല്ലാം കർത്താവിനായി മാറി.

**13 c. ക്രിസ്തുവിന്റെ രക്തത്താൽ**

കർത്താവിന്റെ ക്രൂശ് മരണത്താൽ (എബ്രാ.10:19–23, ഫിലി: 2:8) 'രക്തം ചൊരിഞ്ഞിട്ടല്ലാതെ വിമോചനം ഇല്ല' (എബ്രാ.9:22). ഇത് പ്രമാണം. ക്രിസ്തു തന്റെ സ്വന്തം ശരീരത്തിൽ എന്നന്നേക്കുമായി പരമ യാഗം നിവൃത്തിയാക്കി. ഇനിയും യാതൊരു യാഗവും അഥവാ രക്തച്ചൊരിച്ചിലും ശേഷിപ്പിക്കാതെ ഒരിക്കലായി അർപ്പിക്കപ്പെടും.

ഈ രക്ഷ കരഗതമാകുവാൻ യാതൊരു കാരണമാർഗവും ആവശ്യമില്ല. വിശ്വാസം മാത്രം മതി. എല്ലാവർക്കും ദൈവത്തിങ്കിലേക്കുള്ള പ്രവേശനം വിശ്വാസത്താൽ യാഥാർത്ഥ്യമാക്കി.

രക്ഷ കാൽവറി ക്രൂശിലെ യാഗത്താൽ മാത്രം. വീണ്ടെടുപ്പ് യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്താൽ മാത്രം. ക്രൂശിക്കപ്പെട്ട ക്രിസ്തു പാപമോചനം സാധ്യമാക്കിയപ്പോൾ പുനരുത്ഥാനം ചെയ്ത ക്രിസ്തു ജയജീവിതം ലഭ്യമാക്കി. ക്രൂശ് വീണ്ടെടുപ്പും ഉയർപ്പ് പുതുശക്തിയുമാണ്. സമീപസ്ഥരാക്കി എല്ലാ തലങ്ങളിലും അന്യപ്പെട്ടിരുന്നവർ ദൈവത്തോടും ദൈവ ജനത്തോടും ചേർക്കപ്പെട്ടു. ദൂരസ്ഥരായിരുന്നവരെ ക്രിസ്തു തന്റെ രക്തത്താൽ സ്വർഗീയമായതിലേക്ക് പ്രവേശിപ്പിച്ചു. (വെളി.1:6). ക്രിസ്തുവിനാൽ ലഭ്യമാകുന്ന പദവിയും കൂടിയാണിത്.

**വാ.14. 'ക്രിസ്തു നമ്മുടെ സമാധാനം'.** യഹൂദനും ജാതിയും തമ്മിൽ സമാധാനമില്ല. യഹൂദന്മാരുടെ ശുദ്ധാശുദ്ധ നിയമം (purity pollution code) പ്രകാരം ജാതികളുമായി സംസർഗം പാടില്ല. പരസ്പര ശത്രുത നിലനിൽക്കുന്ന സമൂഹമാണ്. എന്നാൽ ക്രിസ്തുയേശുവിലൂടെ ആ ശത്രുത എന്നെന്നേക്കുമായി ഇല്ലാതാക്കുന്നു. ശത്രുത ഇല്ലാതാകുമ്പോൾ സമാധാനം പുനസ്ഥാപിക്കപ്പെടുകയാണ്. ഈ സമാധാനമാണ് ക്രിസ്തുവിലൂടെ ലഭ്യമാകുന്നത്. **(തുടരും...)**

ലേഖനം

# ഏകീകൃത സിവിൽ കോഡും ന്യൂനപക്ഷങ്ങളും



പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ

രാജ്യത്ത് നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളുടെ സവിശേഷത കൊണ്ടായിരിക്കാം, വീണ്ടും ഏകീകൃത സിവിൽ കോഡ് ചർച്ചയാവുകയാണ്. ഒരു രാജ്യം, ഒരു നിയമം, ഒരു ഭാഷ, ഒരു തെരഞ്ഞെടുപ്പ്, ഒരു നേതാവ് എന്ന തരത്തിലേക്കുള്ള രാജ്യത്തിന്റെ രാഷ്ട്രീയ പരിണാമത്തിന്റെ പശ്ചാത്തലത്തിൽ ഏകീകൃത സിവിൽ കോഡിനെ കാണുക വയ്യ. ഏകീകൃത സിവിൽകോഡ് എന്ന ഒറ്റനോട്ടത്തിൽ മനോഹരവും പുരോഗമനപരവും, നിരുപദ്രവവുമായ എന്ന അടിത്തറയിലൂന്നിയ ഏകീകൃത വ്യക്തിനിയമങ്ങളാണ് ഭരണകൂടം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുക എന്നകാര്യത്തിൽ സാധാരണഗതിയിൽ സംശയിക്കേണ്ടതേയില്ല. ഏകീകൃത സിവിൽ കോഡ് എന്തിനുവേണ്ടിയാണ് എന്ന ചോദ്യമാണ് ഉയർന്നു വരേണ്ടത്.ഏകീകൃത സിവിൽ കോഡ് നടപ്പിലാക്കുക എന്നത് മതേതരത്വവുമായി ബന്ധപ്പെട്ട സുപ്രധാന വിഷയമാണിത്. ഏകീകൃത സിവിൽ കോഡിൽ വ്യക്തിനിയമങ്ങൾ പൊതുനിയമത്തിൽ നിന്ന് വേർതിരിക്കപ്പെടുകയും വിവാഹം, വിവാഹമോചനം, അനന്തരാവകാശം, ദത്തെടുക്കൽ, പരിപാലനം എന്നിവ ഉൾക്കൊള്ളുകയും ചെയ്യുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25 – 28 ഇന്ത്യൻ പൗരന്മാർക്ക് മതസ്വാതന്ത്ര്യം ഉറപ്പുനൽകുകയും മതവിഭാഗങ്ങളെ അവരുടെ സ്വന്തം കാര്യങ്ങൾ നിലനിർത്താൻ അനുവദിക്കുകയും ചെയ്യുന്നു,



ദേശീയ നയങ്ങൾ രൂപീകരിക്കുമ്പോൾ ഇന്ത്യൻ ഭരണകൂടം എല്ലാ ഇന്ത്യൻ പൗരന്മാർക്കും നിർദ്ദേശതത്വങ്ങളും പൊതു നിയമങ്ങളും ബാധകമാക്കണമെന്ന് ഭരണഘടനയുടെ 44ാം അനുച്ഛേദം അനുശാസിക്കുന്നു.

1835-ലെ രണ്ടാം ലോ കമ്മീഷന്റെ കാലം മുതൽക്കെങ്കിലും ഇന്ത്യയിലെ നിയമങ്ങളുടെ ഏകരൂപത ഒരു ചർച്ചാവിഷയമാണ്. ക്രിമിനൽ നിയമങ്ങളും തെളിവ് നിയമവും കോൺട്രാക്ട് നിയമവും ഏകാത്മകമാക്കണമെന്ന നിർദേശമാണ് ലോ കമ്മീഷൻ മുന്നോട്ടുവച്ചത്. എന്നാൽ വ്യക്തി നിയമങ്ങൾ മതപരമായതിനാൽ അവയെ ഏകീകരിക്കാൻ ശ്രമിക്കേണ്ടതില്ല എന്നും കമ്മീഷൻ നിർദേശിച്ചു. 1858ലെ വിക്ടോറിയ രാജ്ഞിയുടെ പ്രഖ്യാപനവും മതകാര്യങ്ങളിൽ ഗവൺമെന്റ് ഇടപെടില്ല എന്ന് തന്നെയായിരുന്നു. ഇന്ത്യൻ സിവിൽ നിയമങ്ങളിൽ ഭൂരിഭാഗവും ഇപ്പോൾ ഏകീകൃതമാണ്. ഇന്ത്യൻ കോൺട്രാക്ട് ആക്ട്, സിവിൽ പ്രൊസീജിയർ കോഡ്, ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടി ആക്ട്, പാർട്ണർഷിപ്പ് ആക്ട്, എവിഡൻസ് ആക്ട് എന്നിവ രാജ്യത്ത് മുഴുവൻ ബാധകമായ നിയമങ്ങളാണ്. മതവുമായി ബന്ധപ്പെട്ട് കിടക്കുന്ന വ്യക്തി നിയമങ്ങളിലാണ് ഏകീകരണം കൊണ്ടുവരാത്തത്. അതിനർത്ഥം മതേതരമായ എല്ലാ നിയമങ്ങളും എല്ലാ സംസ്ഥാനങ്ങളിലും ഒരേപോലെ ആണ് എന്നല്ല.ഇന്ത്യൻ ജനതയുടെ വിശാലമായ വൈവിധ്യത്തിന്റെ പശ്ചാത്തലത്തിൽ ചിന്തിച്ചാൽ സാംസ്കാരികവും മതപരവുമായി ഏകീകൃത സിവിൽ കോഡ് എന്ന ആശയം അപ്രായോഗികവും, അസാധ്യവുമാണെണ്. ഇരുപത്തൊന്നാമത് നിയമ കമ്മീഷൻ 2018 ൽ പുറത്തിറക്കിയ കൺസൾട്ടേഷൻ പേപ്പറിൽ വ്യക്തമാക്കിയതുപോലെ, ഈ പ്രത്യേക വിഷയം പരിഗണനയ്ക്കെടുക്കാനുള്ള സമയം ഇനിയുമായിട്ടില്ല. കേന്ദ്ര നിയമമന്ത്രാലയം യൂണിഫോം സിവിൽ കോഡിന്റെ കരട് രൂപം തയ്യാറാക്കുകയോ പുറത്തുവിടുകയോ ചെയ്തിട്ടില്ല എന്നതിനാൽ തന്നെ, ഇപ്പോൾ ലക്ഷ്യം വയ്ക്കുന്ന പുതിയ സിവിൽ കോഡിന്റെ സ്വഭാവം എന്തായിരിക്കും എന്നുള്ളതിനെക്കുറിച്ച് വ്യക്തതയില്ല. ഏതെങ്കിലും വിധത്തിൽ ഏകീകൃത സിവിൽ കോഡ് പ്രാബല്യത്തിൽ കൊണ്ടുവരാനുള്ള നീക്കങ്ങളുണ്ടെങ്കിൽ, അത് ഇന്ത്യയുടെ ജനസംഖ്യയിൽ 8.9 ശതമാനം വരുന്ന, ക്രൈസ്തവ വിശ്വാസികൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരുടെ മതപരവും സാംസ്കാരികവുമായ ആശങ്കകളെ ശ്രദ്ധാപൂർവ്വം പരിഗണിച്ചുകൊണ്ടായിരിക്കണം. ചുരുക്കിപ്പറഞ്ഞാൽ, ഏകീകൃത സിവിൽകോഡ് നിലവിൽവരുന്നതുവഴിയായി ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക വൈവിധ്യത്തിന്റെ ഭാഗമായ വിവിധ ജനവിഭാഗങ്ങളുടെ ആരാധനാ സ്വാതന്ത്ര്യത്തെയും മത സ്വാതന്ത്ര്യത്തെയും യാതൊരു വിധത്തിലും തടസപ്പെടുത്തുകയോ തകർക്കുകയോ ചെയ്യരുത്. പൂർണ്ണമായും മതപരവും സാംസ്കാരികവുമായ വിഷയങ്ങളിൽ വ്യക്തിനിയമങ്ങളുടെ മറവിൽ സർക്കാർ കൈകടത്തരുത്.

ഇന്ത്യ ഒരു 'മതേതര' രാഷ്ട്രമാണ്, അതിനർത്ഥം മതവും സംസ്ഥാന കാര്യങ്ങളും തമ്മിലുള്ള വേർതിരിവ് എന്നാണ്. മാത്രമല്ല, ഇന്ത്യയിലെ 'മതേതരത്വം' എന്നാൽ എല്ലാ മതങ്ങളുടെയും സമത്വവും നിയമത്തിന് മുന്നിൽ എല്ലാ മതങ്ങളുടെയും അനുയായികളും അർത്ഥമാക്കുന്നു. നിലവിൽ, വ്യത്യസ്ത സിവിൽ കോഡുകളുടെ മിശ്രിതത്തിൽ, വ്യത്യസ്ത പൗരന്മാരെ അവരുടെ മതത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്തമായി പരിഗണിക്കുന്നു. വൈവിധ്യവും ബഹുസ്വരതയും ഇന്ത്യയുടെ പ്രത്യേകതയാണ്. ഈ വൈവിധ്യങ്ങളെ അംഗീകരിക്കുന്നതാണ് നമ്മുടെ ഭരണഘടന. പല സമുദായങ്ങളും സംസ്കാരങ്ങളും ഇടകലർന്ന രാജ്യത്ത് വ്യത്യസ്ത വിഭാഗങ്ങളിൽപ്പെടുന്നവർ അവരുടേതായ ആചാരങ്ങളും മതപരമായ നിയമങ്ങളും പിന്തുടരുന്നു. ഇതൊക്കെ മാറ്റിമറിച്ച് ഏക സിവിൽ കോഡ് നടപ്പാക്കാനുള്ള നീക്കം ഭരണഘടനയുടെ അന്തഃസത്തയ്ക്ക് എതിരാണ്.



ലേഖനം

# ദൈവഹിതവും സ്വർഗ്ഗരാജ്യവും



പാസ്റ്റർ കെ. ജെ. മാത്യു

'എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രെ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത് (മത്തായി 7:21) കർത്താവായ യേശുക്രിസ്തുവിന്റെ ഗിരി പ്രഭാഷണത്തിലെ ഒരു തിരുവചന ഭാഗമാണ് ഇത്. ഗിരി പ്രഭാഷണത്തിൽ, കർത്താവ് തന്റെ ജനമായി തിരഞ്ഞെടുത്തവർക്കോ മറ്റാർക്കെങ്കിലുമോ ദൈവരാജ്യം അവകാശമാക്കുവാൻ കഴിയണമെങ്കിൽ ആ വ്യക്തികൾ തങ്ങളുടെ ജീവിതങ്ങളിൽ പ്രവർത്തികമാക്കേണ്ട അടിസ്ഥാന പ്രമാണങ്ങൾ അടിവരയിട്ടു പ്രഖ്യാപിക്കുന്നു. വിശുദ്ധ മത്തായി തന്റെ സുവിശേഷത്തിന്റെ മൂന്ന് (5, 6, 7) അദ്ധ്യായങ്ങളിലായി യേശുക്രിസ്തു പ്രസ്താവിച്ചിട്ടുള്ള അടിസ്ഥാന പ്രമാണങ്ങൾ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. യഥാർത്ഥ ശിഷ്യത്വത്തിലൂടെ നേടുവാൻ കഴിയുന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങളുടെ വിവരണങ്ങളോടെ ആരംഭിക്കുന്ന ഗിരി പ്രഭാഷണം ഒരു ദൈവപൈതൽ ' ഭൂമിയുടെ ഉപ്പ്' ആണെന്നും' 'ലോകത്തിന്റെ വെളിച്ചം' ആണെന്നും പഠിപ്പിക്കുന്നു. മാത്രമല്ല, ആത്മീയമായ അച്ചടക്കത്തിന്റെ വിവിധ തലങ്ങളും കർത്താവ് വിശദീകരിക്കുന്നു. ക്രിസ്തുവിലൂടെയുള്ള ആത്മരക്ഷ പ്രാപിക്കാത്ത ലോക ജനങ്ങൾ പോലും കർത്താവിന്റെ ഗിരിപ്രഭാഷണം അധികം ഇഷ്ടപ്പെടുന്നു.

'കർത്താവേ കർത്താവേ' എന്നു വിളിച്ചു കൊണ്ട് കർത്താവിന്റെ കല്പനകൾ അനുസരിക്കാതിരുന്നാൽ ഫലമൊന്നുമില്ല. ഭക്തിനിർഭരമായ വാക്കുകൾ പഠിക്കുവാനും ബൈബിൾ വാക്യങ്ങൾ ഹൃദിസ്ഥമാക്കുവാനും പ്രയാസമില്ല. ആത്മീയ ഗീതങ്ങളും പാടാവുന്നതേ ഉള്ളൂ. ഇവയെല്ലാം ചെയ്യുമ്പോൾ തന്നെ ദൈവഹിതമനുസരിക്കാതിരിക്കുകയെന്നത് സാധ്യമായ ഒന്നാണെന്നോർക്കുക. അനേകരും യേശുവിൽ വിശ്വസിക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും, വിശ്വാസത്തിന് ഒരു വില നൽകേണ്ടി വരികയോ ജീവിതം പ്രയാസപൂർണ്ണമായിത്തീരുകയോ ചെയ്യുമ്പോൾ വിശാസത്യാഗികളായിത്തീരുന്നു.

മേൽപ്പറഞ്ഞ വാക്യത്തിൽ രണ്ട് പ്രധാന കാര്യങ്ങൾ സൂചിപ്പിച്ചിരിക്കുന്നു. ഒന്ന് ദൈവരാജ്യം അഥവാ സ്വർഗ്ഗരാജ്യം. രണ്ട് സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം. ഇവ രണ്ടും ദൈവവചനത്തിലെ രണ്ട് പ്രധാന വിഷയങ്ങളാണ്. ദൈവരാജ്യത്തെക്കുറിച്ച് പറയുമ്പോൾ യേശു അതിന്റെ നിയമങ്ങളെയും സ്വഭാവത്തെയും ശക്തിയെയും കുറിച്ച് വെളിപ്പെടുത്തുന്നു. ദൈവരാജ്യത്തിന്റെ മർമ്മങ്ങളെക്കുറിച്ച് മത്തായി സുവിശേഷം പതിമൂന്നാം അധ്യായത്തിൽ അനേകം ഉപമകൾ



പ്രസ്താവിച്ചിരിക്കുന്നു. തിരുവെഴുത്തിൽ കാണുന്ന മൂന്ന് വിധ രാജ്യങ്ങൾ - ഒന്ന്. സാത്താന്റെ രാജ്യം (ലൂക്കോസ് 11:18)

'സാത്താനും തന്നോടു തന്നെ ചിദ്രിച്ചു എങ്കിൽ അവന്റെ രാജ്യം എങ്ങനെ നിലനിൽക്കും? ബെയൂതെസബൂലെക്കൊണ്ട് ഭൂതങ്ങളെ പുറത്താക്കുന്നു എന്നു നിങ്ങൾ പറയുന്നുവല്ലോ'. യേശു ഈ രാജ്യത്തെക്കുറിച്ച് പറയുകയും അത് വേദ പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നതിനാൽ സാത്താന് ഒരു രാജ്യം ഉണ്ടെന്നുള്ളത് നിസ്തർക്കമായ വസ്തുതയാണ്.

എപ്പോഴാണ് ഈ രാജ്യം ആരംഭിച്ചത്? സാത്താന്റെ ആരംഭം തന്നെയാണ് ഈ രാജ്യത്തിന്റെയും ആരംഭം. ഈ സാത്താൻ ആരാണ്? ദൈവം സാത്താനെയോ അവന്റെ രാജ്യത്തെയോ സൃഷ്ടിച്ചിട്ടില്ല. അങ്ങനെയെങ്കിൽ അവന്റെ രാജ്യത്തിന്റെ ആരംഭം യഥാർത്ഥത്തിൽ എവിടെയായിരുന്നു? സാത്താന്റെ ആരംഭം എവിടെയായിരുന്നു? മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുൻപ് ദൈവം ദൂതന്മാരെ സൃഷ്ടിച്ചു; ദൂതന്മാരുടെ രാജ്യം രൂപീകരിച്ചു. ദൈവം ദൂതന്മാരെ സൃഷ്ടിച്ചത് അവർ പൂർണ്ണമായും ദൈവഹിതം ചെയ്യേണ്ടതിനായിരുന്നു. എന്തുകൊണ്ടന്നാൽ ദൈവരാജ്യത്തിൽ സകലവും ദൈവഹിതം ചെയ്യുന്നതിനോട് ബന്ധപ്പെട്ടതാണ്. ദൂതന്മാരാകുന്ന ശുശ്രൂഷക്കാർ ദൈവത്തിന്റെ ഇഷ്ടം അഥവാ ഹിതം ചെയ്യുന്നു.' അവന്റെ ആജ്ഞ' 'അവന്റെ ശബ്ദം' 'അവന്റെ ഇഷ്ടം' എല്ലാം ദൈവത്തിന്റെ ഹിതത്തെ വെളിപ്പെടുത്തുന്നു. (സങ്കീ 103: 20, 21) വിശുദ്ധ ദൂതന്മാർ ഇപ്പോഴും ദൈവത്തിന്റെ തിരുഹിതം നിവർത്തിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ ദൂതന്മാരിൽ ചിലർ അവരുടെ സ്വന്ത ഹിതപ്രകാരം പ്രവർത്തിക്കുവാൻ തീരുമാനിച്ചു. യെശയ്യാ 14:12,13 വാക്യങ്ങളിൽ അരുണോദയ പുത്രനായ ശുക്രൻ എന്ന ലൂസിഫറിനെ കാണുന്നു. 'എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ ഞാൻ വെക്കും' എന്ന് അവൻ പറഞ്ഞു. തന്നെത്താൻ ഉയർത്തുവാൻ ശ്രമിച്ച ദൂതന്മാർ എല്ലാവരും ദൈവത്തിന്റെ ഹിതത്തിൽ നിന്ന് വീണു പോയി. വീണുപോയ ഈ ദൂതന്മാർ സാത്താനായിത്തീർന്നു. സാത്താന്റെ രാജ്യം എന്ന് അവരുടെ രാജ്യം അറിയപ്പെട്ടു. ദൈവത്തിന്റെ രാജ്യത്തിൽ എല്ലായ്പ്പോഴും ദൈവഹിതം നിവർത്തിക്കപ്പെടുന്നു എന്ന് നാം കാണുന്നു. എന്നാൽ ദൈവരാജ്യത്തിന് എതിരായി പോകുന്നവർ എല്ലാവരും സാത്താന്റെ രാജ്യത്തിൽ അകപ്പെടുന്നു.

സാത്താൻ ഇന്നും ചെയ്തു കൊണ്ടിരിക്കുന്ന മൂന്ന് കാര്യങ്ങൾ ഇവയാണ്. ഭൂതലത്തെ മുഴുവൻ തെറ്റിക്കുക, ജനത്തെ വഞ്ചിക്കുക, വിശ്വാസിയെ തള്ളിയിടുക, സാത്താൻ പഠിപ്പിച്ച ദുരുപദേശവും മൂന്നാണ്. ദൂതന്മാർ, ദേവതകൾദൈവഹിതവും സ്വർഗ്ഗ രാജ്യവും. വിശുദ്ധന്മാർ, എന്നിവരെ ആരാധിക്കുക. സാത്താൻ അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞ് ചുറ്റി നടക്കുകയാണ്. സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതു പോലെ ക്രിസ്തുവിനോടുള്ള നമ്മുടെ ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിത്തീരേണ്ടതിന് സാത്താൻ പല വിധത്തിൽ കള്ള ക്രിസ്തുക്കളും കള്ള യപ്പൊസ്തലന്മാരും കള്ള പ്രവാചകന്മാരുമായി എഴുന്നേറ്റ് അക്ഷീണം പ്രയത്നിക്കുന്ന കാലത്തിലാണ് നാം ജീവിക്കുന്നത്. **(തുടരും)**

PHILADELPHIA
fellowship church

PHILADELPHIA FELLOWSHIP CHURCH
LONDON, CANADA

WE ARE A MISSIONS-ORIENTED CHURCH
WITH PETECOSTAL DISTINCTIVENESS.
OUR PRIMARY GOAL IS TO USE OUR GOD-GIVEN GIFTS
AND TALENTS TO INSPIRE PEOPLE TO ENCOUNTER
THE PRESENCE OF GOD.



SERVICES
SUNDAY - 9:30 AM (ENGLISH SERVICE) | SUNDAY - 11:30 AM (MALAYALAM SERVICE)
TUESDAY - 7:30 AM (INTERCESSORY PRAYER)
FRIDAY - 7:30 PM (MALAYALAM MEETING)
FRIDAY - 7:30 PM (ENGLISH BIBLE STUDY)

SUNDAY SCHOOL
WOMEN'S FELLOWSHIP
YOUTH MEETING



PASTOR
JOY PUNNOOSE

Newcomers to Canada
We are happy to provide information & resources to help you settle in!

20014 NISSSOURI RD, DUNDAS EAST, LONDON, ONTARIO, CANADA
+1 (226) 224-4500
joypunnoose@usa.net
philadelphiachurchlondon.com


COMMERCIAL & RESIDENTIAL
Real Estate - Texas
JOBIN PRIYAN
GROUP
www.jpgrouprealtors.com
JOBIN JOHNSON
REAL ESTATE PROFESSIONAL
832.391.5000
BEYOND LOVE
THE M. JOHNSON FOUNDATION
7070 Knights Court
Missouri City, Texas

# പിസിഎൻഎകെ കോൺഫറൻസ് കാഴ്ചകളിലൂടെ...




























# പിസിഎൻഎകെ കോൺഫറൻസ് കാഴ്ചകളിലൂടെ.......


































# പിസിഎൻഎകെ കോൺഫറൻസ് കാഴ്ചകളിലൂടെ...




































# പിസിഎൻഎകെ കോൺഫറൻസ് സഹോദരീ സമ്മേളനം...










# പിസിഎൻഎകെ കോൺഫറൻസ് കാഴ്ചകളിലൂടെ...





















# പിസിഎൻഎകെ കോൺഫറൻസ് യുവജനസമ്മേളനം...
























# 26-ാമത് നാക്കോഗ് കോൺഫറൻസ് ദൃശ്യങ്ങൾ...





# 26-ാമത് നാക്കോഗ് കോൺഫറൻസ് ദൃശ്യങ്ങൾ...











# 26-ാമത് നാക്കോഗ് കോൺഫറൻസ് ദൃശ്യങ്ങൾ...


























CENTURY 21
ROYAL

SCARSDALE, NEW YORK

We aim to provide our clients what they are looking for in a Real Estate experience.

We have been providing outstanding service in residential and commercial Real Estate for past 29+ years.



GEORGE JOHN
PRINCIPAL BROKER
Cell: (914) 804-8693
George@century21royal.com



STANLEY MATHEW
SALES ASSOCIATE
Cell: (845) 300-8458
Stanley@century21royal.com

We still believe in personal service to all our customers who rely on our dedication, trust and integrity



Follow us on:




www.royalfinehomes.com
www.century21royal.com

Office Address: 697 Central Park Avenue, Scarsdale, NY 10583 | (914) 722-0700

# നിത്യതയിൽ

**പാസ്റ്റർ വൈ. തോമസ്**



**ഫിലദൽഫിയ:** കേരളത്തിലും അമേരിക്കയിലും ദീർഘവർഷങ്ങൾ കർത്തൃ ശുശ്രൂഷ നിർവഹിച്ച പാസ്റ്റർ വൈ. തോമസ് (86) നിത്യതയിൽ. 1936 നവംബർ 22ന് പത്തനാപുരം പുതുവേൽ മാരൂരിൽ മലയിൽ വടക്കേതിൽ പരേതരായ ചെറിയാൻ യോഹന്നാന്റെയും ശോശാമ്മ യോഹന്നാന്റെയും ആറുമക്കളിൽ മൂന്നാമനായി ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം മൂഴിയാർ പവർഹൗസിൽ ജോലി ചെയ്തു വരവേയാണ് കർത്താവിന്റെ വേലയ്ക്കുവേണ്ടി വിളിയുണ്ടാകുന്നത്. ഭവനത്തിൽ നിന്നും ഏകനായി കർത്താവിങ്കലേക്ക് വന്ന വൈ.തോമസ് ദൈവവിളി അനുസരിച്ച് ശുശ്രൂഷയ്ക്കു സമർപ്പിച്ചു. കലഞ്ഞൂരിൽ ആയിരുന്നു പ്രാരംഭ പ്രവർത്തനം. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ശുശ്രൂഷകനായിരുന്നു അദ്ദേഹം. കുന്നിട, വെച്ചൂച്ചിറ, റാന്നി (ശാലേം), പ്ലാച്ചേരി, കനകപ്പലം, റാന്നി (ഇട്ടിയപ്പാറ) തുടങ്ങിയ സഭകളിൽ ശുശ്രൂഷകനായിരുന്നു. 1998ൽ അമേരിക്കയിലേക്ക് പോകുകയും അവിടെ വിവിധ സഭകളിൽ ശുശ്രൂഷിക്കുകയും ചെയ്തു ഹാർവെസ്റ്റ് ഇൻറർനാഷണൽ ചർച്ച് അംഗമായിരുന്നു. ഐ പി സി കേരളാ സ്റ്റേറ്റ് സോദരി സമാജത്തിന്റെ മുൻ സെക്രട്ടറിയും പ്രഭാഷകയുമായ ലില്ലി റെജി മകളാണ്. സംസ്കാരം ലോൺ വ്യൂ സെമിത്തേരിയിൽ റവ. ജോൺ സാമുവേലിന്റെ നേതൃത്വത്തിൽ നടത്തി. ഭാര്യ: പെണ്ണമ്മ തോമസ്. മക്കൾ: ലാലി തോമസ്, ലില്ലി റെജി, ലിസി തോമസ്. മരുമക്കൾ: ജോർജ് മാത്യു, പാസ്റ്റർ റെജി പുന്നൂസ്, സാജൻ വർഗീസ്.

**പാസ്റ്റർ കെ.എസ്. ചാക്കോ**



**തിരുവനന്തപുരം:** ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ സീനിയർ ശുശ്രൂഷകനും, തിരുവനന്തപുരം താബോർ ഐപിസി അസോസിയേറ്റ് പാസ്റ്ററുമായിരുന്ന മുട്ടട അറപ്പുര ലയ്നിൽ പാസ്റ്റർ കെ.എസ്. ചാക്കോ (87) നിത്യതയിൽ. സംസ്കാരം നെട്ടയം ഐപി സെമിത്തേരിയിൽ നടത്തി. ദുബായ് ബ്രിട്ടീഷ് ബാങ്ക് മുൻ ഉദ്യോഗസ്ഥനായ ചാക്കോ ദുബായിലെ പെന്തക്കോസ്ത് സഭകളുടെ സ്ഥാപകനും തിരുവനന്തപുരം താബോർ ആശ്വാസഭവൻ മുൻ പ്രസിഡന്റുമാണ്. ഭാര്യ, കുമ്പനാട് മധുരംപൊയ്കയിൽ സാറാമ്മ ചാക്കോ. മക്കൾ: ലൗലി &ബേബിക്കുട്ടി (ഖത്തർ), ലൈല &ഫിന്നി (USA), ആനി & Dr. ജെ വർഗീസ് (മാവേലിക്കര), Dr ലാലു & Dr മീന (അബുദാബി) ലീന & അനു ജേക്കബ് (മസ്കറ്റ്).

**ജോർജ് തോമസ്**




**ബെംഗളൂരു:** ഐപിസിഎഫ് കർണാടക സ്റ്റേറ്റ് മുൻ കോർഡിനേറ്ററും ഐപിസി ശാലോം കമ്മനഹള്ളി സഭാംഗവുമായിരുന്ന ബ്രിഗേഡിയർ ജോർജ് തോമസ് (77) നിത്യതയിൽ. മൂവാറ്റുപുഴ വാളകം സ്വദേശിയായ ഇദ്ദേഹം ദീർഘ വർഷങ്ങൾ സൈനിക സേവനത്തിനു ശേഷം ബാംഗ്ളൂരിൽ താമസമാക്കുകയും 1995 മുതൽ ബെംഗളൂരുവിലെ ഐസിപിഎഫ് പ്രവർത്തനങ്ങളിൽ സജീവമാകുകയുമായിരുന്നു. ഭാര്യ. സുമ തിരുവല്ല പുത്തൻപറമ്പിൽ കുടുംബാംഗം. മക്കൾ. സാജൻ (ജർമ്മനി), ജസൻ (ബെംഗളൂരു). മരുമക്കൾ: ജയ, പുഷ്പ. സംസ്കാരം നടത്തി.

**ടി ഡി ജോയ്**



**കിഴവള്ളൂർ:** ചിറ്റൂർ മുക്ക് ടിപിഎം സഭാംഗം താന്നിവിള വീട്ടിൽ ടി ഡി ജോയ് (കുഞ്ഞുമോൻ -73) നിത്യതയിൽ. സംസ്കാരം ടി പി എം ആമക്കുന്ന് സെമിത്തേരിയിൽ നടത്തി. ഭാര്യ: ഇലന്തൂർ പെരുവേലി മോടിയിൽ അന്നമ്മ ജോയി. മക്കൾ: സുജാ ബിജു (യുഎസ്എ), സജി ജോയ് (കുവൈറ്റ്), സജിനി. മരുമക്കൾ: ബിജു ശാമുവേൽ (യുഎസ്എ), ലീബാ സജി (കുവൈറ്റ്).

**പി. ടി. ജോസഫ്**



**ജെയ്പൂർ:** ജെയ്പൂർ ടി.പി.എം. സഭാംഗമായ ചെന്നിത്തല തോപ്പിൽ വീട്ടിൽ പരേതനായ പി. ടി. ജോസഫ് (77) നിത്യതയിൽ. ആൻഡമാൻസിൽ റബ്ബർ ബോർഡ് ഉദ്യോഗസ്ഥനായിരുന്നു. ശവസംസ്കാര ശുശ്രൂഷ ജയ്പൂർ TPM ഫെയ്ത് ഹോമിൽ ആരംഭിച്ച് വിദ്യാധർ ക്രിസ്ത്യൻ സെമിത്തേരിയിൽ നടത്തി. ഭാര്യ: ഏലിയാമ്മ ജോസഫ് (കുഞ്ഞുമോൾ), കൈനകരി ആലന്തറ പത്തിച്ചിറയിൽ കുടുംബാംഗമാണ്. മക്കൾ: പി.ജെ. അജിത്, മാത്യു പി.ജെ. മരുമക്കൾ: ലിജി ജോർജ്ജ്, അഞ്ജന സിനി മാത്യു.

**കെ. റ്റി. വർഗ്ഗീസ്**




**പത്തനംതിട്ട:** അസംബ്ലീസ് ഓഫ് ഗോഡ്, ജാനിപൂർ (ജമ്മു കാശ്മീർ) സഭാ ശുശ്രൂഷകൻ പാസ്റ്റർ ബിജോയ് വർഗ്ഗീസിന്റെ പിതാവ്, ചിറ്റാർ കോളാർകോട്ട് വീട്ടിൽ കെ. റ്റി. വർഗീസ് (72) നിത്യതയിൽ. മക്കൾ: ഷേർളി, ഷൈനി, പാസ്റ്റർ ബിജോയ് വർഗ്ഗീസ്. മരുമക്കൾ: ഷിബു യോഹന്നാൻ, അജി. പി. എബ്രഹാം, റൂബി എലിസബത്ത് എബ്രഹാം. സംസ്കാരം ചിറ്റാർ അസംബ്ലീസ് ഓഫ് ഗോഡ് സഭയുടെ നേതൃത്വത്തിൽ നടത്തി.

**എം. കെ. കുര്യൻ**



**കോട്ടയം:** ഐപിസി ഇരവിനല്ലൂർ സഭാംഗം റിട്ട. ഡെപ്യൂട്ടി കലക്ടർ തേറത്താനത്ത് പെരുമ്പഴമൂലയിൽ മാധവശ്ശേരിൽ എം. കെ. കുര്യൻ (85) നിത്യതയിൽ. സംസ്കാരം ഐപിസി മാങ്ങാനം ചിലമ്പറക്കുന്ന് സെമിത്തേരിയിൽ നടത്തി. കോട്ടയം ഡെപ്യൂട്ടി കലക്ടറായി വിരമിച്ച കുര്യൻ ഐപിസി കോട്ടയം സെന്ററിൽ മിഷൻ ബോർഡ്, സൺഡേസ്കൂൾ ചുമതലകൾ വഹിച്ചു. ഭാര്യ: നിരണം കടവിൽ മണയ്ക്കൽ ആലീസ്കുട്ടി. മക്കൾ: കുരുവിള എം. പുന്നൂസ്, പാസ്റ്റർ മാത്യൂസ് എം.കുര്യൻ (ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി, മണക്കാല), എം.കുര്യൻ (പാരഗൺ, ബെംഗളൂരു). മരുമക്കൾ: ലിനോ, റൂബി, സുമ.

**എം. കെ. തോമസ്**



**പാലക്കാട്, ചിറക്കൽപ്പടി:** ചിറക്കൽപ്പടി എ.ജി. സഭാംഗം അമ്പാഴക്കോട് മുള്ളൻകുഴിയിൽ എം. കെ. തോമസ് (അനിയച്ചൻ 68) നിത്യതയിൽ. സംസ്കാര ശുശ്രൂഷ ചിറക്കൽപ്പടി എ. ജി സഭാ സെമിത്തേരിയിൽ നടത്തി. ഭാര്യ: കൊല്ലാട്ട് കുടുംബാംഗം സൂസമ്മ തോമസ്. മക്കൾ: സന്തോഷ് തോമസ്, ഷിന്റോ തോമസ്, പാസ്റ്റർ ഷാന്റി തോമസ്. മരുമക്കൾ: ജാൻസി സന്തോഷ്, ഷിബി ഷിന്റോ, ആൻസി ഷാന്റി. പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂരിന്റെ പിതൃ സഹോദരനാണ്.

**കെ.വി. മാത്യു**



**കോടഞ്ചേരി:** നെല്ലിപ്പൊയിൽ, പുലിക്കയം ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) സഭാംഗവും വ്യാപാരിയും ആയിരുന്ന കോഴാമലയിൽ കെ.വി. മാത്യു (അച്ചൻകുഞ്ഞ് -73) നിത്യതയിൽ. സംസ്കാരം പുലിക്കയം ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നത്തി. ഭാര്യ: ആലീസ് മാത്യു പെരിന്തൽമണ്ണ മാലാപ്പറമ്പ് കുന്നത്ത് കുടുംബാംഗം. മക്കൾ: പാസ്റ്റർ ഫിന്നി മാത്യു (ചർച്ച് ഓഫ് ഗോഡ് മന്തിപ്പാറ, കുമളി), ഫാൻസി സജി (തൃശ്ശൂർ), ബ്ലെസ്സി ജിജി (നിലമ്പൂർ) ബെന്നി മാത്യു (സൗദി). മരുമക്കൾ: ബെറ്റി, സജി, ജിജി, ലിറ്റി ബെന്നി.

**കെ. ജെ. ഗീവർഗീസ്**



**കൊട്ടാരക്കര:** ഐപിസി കൊട്ടാരക്കര പൂലമൺ ബേർശേബാ സഭാംഗമായ കരിക്കം വൈറ്റ് ഹൗസിൽ കെ.ജെ ഗീവർഗീസ് (83) (ബേബിച്ചാൻ) നിത്യതയിൽ. സംസ്കാരം ബേർശേബ സഭാ സെമിത്തേരിയിൽ നടത്തി.

**ടി.കെ. മാണി**



**ചിക്കാഗോ:** കോട്ടയം താനവേലിൽ ടി. കെ. മാണി (86) നിത്യതയിൽ. ഭാര്യ: മറിയാമ്മ മാണി (മുളംകുഴിയിൽ, കുമ്പനാട്). മക്കൾ: ഫിന്നി മാണി, ബിജി ഉമ്മൻ, ഈപ്പൻ ടി. മാണി, സാം ടി.മാണി, മേഴ്സി. മരുമക്കൾ: മേഴ്സി മാണി, ജയിംസ് ഉമ്മൻ, മിനി മാണി, വിനി മാണി, സജി ജോൺ, പാസ്റ്റർ കെ.എം.ജോസഫ് (ഐപിസി മുൻ പ്രസിഡന്റ്) ഭാര്യാ സഹോദരനും ഐപിസി ജന. കൗൺസിലംഗം ജോയ് താനവേലിൽ മരുമകനുമാണ്.

**ശോശാമ്മ ഏബ്രഹാം**




**ഫ്ളോറിഡ:** ഒർലാന്റോ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ സ്ഥാപക കുടുംബാംഗം പത്തനംതിട്ട കടമ്മനിട്ട ചാന്തുകാവ്പൊന്നോലിൽ പരേതനായ കെ.വി. ഏബ്രഹാമിന്റെ ഭാര്യയും ഐ.പി.സി ജനറൽ കൗൺസിൽ അംഗവും മലയാളി പെന്തക്കോസ്ത് കോൺഫ്രൻസിന്റെ ജനറൽ സെക്രട്ടറിയുമായ രാജു പൊന്നോലിയുടെ മാതാവ് ശോശാമ്മ ഏബ്രഹാം (89) നിത്യതയിൽ. പത്തനംതിട്ട മുളമൂട്ടിൽ മുണ്ടുകോട്ടയ്ക്കൽ കുടുംബാംഗമാണ് പരേത. മറ്റ് മക്കൾ: പരേതനായ ജോസ് പൊന്നോലിൽ, സാം പൊന്നോലിൽ, പാസ്റ്റർ ജെയിംസ് പൊന്നോലിൽ, ബാബു പൊന്നോലിൽ, മാത്യു പൊന്നോലിൽ, മേഴ്സി തോമസ് (എല്ലാവരും യു.എസ്.എ). മരുമക്കൾ: ആലീസ് ഏബ്രഹാം, മേഴ്സി സാം, കൊച്ചുമോൾ ജെയിംസ്, വത്സമ്മ ബാബു, മറിയാമ്മ ഏബ്രഹാം, പാസ്റ്റർ സാമുവേൽ തോമസ് സിബി ഏബ്രഹാം. (എല്ലാവരും യു.എസ്.എ). നെല്ലിക്കമൺ ഐ.പി.സി യുടെ ആരംഭകാല അംഗവും ചാന്തുകാവ് സഭയുടെ സ്ഥാപകാംഗവുമായിരുന്ന ഭർത്താവ് പരേതനായ കെ.വി ഏബ്രഹാമിനോടൊപ്പം 1988 ലാണ് ശോശാമ്മ ഏബ്രഹാം അമേരിക്കയിലേക്കുടിയേറിപ്പാർത്തത് ഒർലാന്റോ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയിൽ സംസ്കാര ശുശ്രൂഷ നടത്തുകയും തുടർന്ന് വുഡ് ലോൺ സെമിത്തേരിയിൽ സംസ്കരിക്കുകയും ചെയ്തു.

**അന്നമ്മ രാജു**




**വയനാട്:** ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇന്ത്യ കമ്മന സഭാംഗം കറുകക്കുന്നേൽ രാജുവിന്റെ ഭാര്യ അന്നമ്മ രാജു (ലില്ലി-64) നിത്യതയിൽ. സംസ്കാരം കമ്മന കുരിശിങ്കലിലെ ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം തൃശ്ശിലേരി ചർച്ച് ഓഫ് ഗോഡ് സെമിത്തേരിയിൽ നടത്തി.

**പെണ്ണമ്മ വർഗീസ്**




**തുരുത്തിക്കര:** കൊല്ലം തുരുത്തിക്കര, തടവിള പുത്തൻവീട്ടിൽ പരേതനായ റ്റി.എൽ. വർഗീസിന്റെ ഭാര്യ പെണ്ണമ്മ വർഗീസ് (78) നിത്യതയിൽ. ഏഴംകുളം കൈതപറമ്പ് പുളിമൂട്ടിൽ കുടുംബാംഗമാണ്. മക്കൾ: മേഴ്സി, പാസ്റ്റർ ജോസ്, ജെസ്സി, പാസ്റ്റർ ഷാജി വർഗീസ് (ചിക്കാഗോ), ഷൈനി, സോജി. മരുമക്കൾ: പാസ്റ്റർ സാംകുട്ടി, ലീലാമ്മ, സുവിശേഷകൻ ജോജോ, ഷൈനി ഷാജി (ചിക്കാഗോ), സുവിശേഷകൻ ജോമോൻ, ബിനു. സംസ്കാര ശുശ്രൂഷ തുരുത്തിക്കരയിലെ കുടുംബവീട്ടിൽ ആരംഭിച്ച് തുരുത്തിക്കര ഐപിസി ശാലോം സെമിത്തേരിയിൽ നടത്തി.

**ലൗലി സോജൻ**



**തിരുവല്ല:** പുനലൂർ ഇളമ്പൽ പാറയിൽ വീട്ടിൽ കുമ്പനാട് രഹബോത്തിൽ സോജന്റെ ഭാര്യ ലൗലി സോജൻ (41) നിത്യതയിൽ. സംസ്കാരം കുമ്പനാട് ഹെബ്രോൻ ഐപിസി സെമിത്തേരിയിൽ നടത്തി. വയലത്തല കൊച്ചുവെള്ളാറേത്ത് ജോൺ തോമസിന്റെയും (ആൻഡമാൻസ് ബാബു), ലീലാമ്മ ജോണിന്റെയും മൂത്ത മകളാണ്. മക്കൾ: ആരോൺ, ആൽബിൻ, ആഷ്ലി. സഹോദരങ്ങൾ: ലിനു (ഷാർജ), ജിൻസി (യു.കെ).

**ഏലിയാമ്മ തര്യൻ**



**കുണ്ടറ:** പ്രമുഖ സുവിശേഷ പ്രസംഗകൻ പാസ്റ്റർ സാം ടി. മുഖത്തലയുടെ മാതാവും കുണ്ടറ തെങ്ങുവിളയിൽ തര്യന്റെ ഭാര്യയുമായ ഏലിയാമ്മ തര്യൻ (78) നിത്യതയിൽ. കുണ്ടറ ശാരോൻ സഭാംഗമാണ്. സംസ്കാരം നടത്തി. മക്കൾ: സൂസൻ ടി. സണ്ണി, ഗ്രെയ്സൻ സാജൻ, പാസ്റ്റർ സാം. ടി. മുഖത്തല, പാസ്റ്റർ ഐസക് തര്യൻ, പാസ്റ്റർ സന്തോഷ് തര്യൻ. മരുമക്കൾ: പാസ്റ്റർ സണ്ണി ഏബ്രഹാം, സാജൻ, ലിസി സാം, ജിനു ഐസക്, മിനി തര്യൻ.

**സാറാമ്മ ദാനിയേൽ**




**റാന്നി:** ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകൻ റാന്നി എലിമുള്ളുംമാക്കൽ പാസ്റ്റർ ഏ.ജെ. ദാനിയേലിന്റെ ഭാര്യ സാറാമ്മ ദാനിയേൽ (75) നിത്യതയിൽ. സംസ്കാരം കോട്ടയം ഗ്രേസ് ചാപ്പൽ സഭയുടെ ചിലമ്പ്രകുന്ന് സെമിത്തേരിയിൽ നടത്തി. പരേത റാന്നി കോളാകോട്ട് കുടുംബാംഗമാണ്. മക്കൾ: സാം ദാനിയേൽ ജോൺ, മേഴ്സി ദാനിയേൽ, മോൻസൻ ദാനിയേൽ, ബിനോയ് ദാനിയേൽ. മരുമക്കൾ: സുനു സാം, പാസ്റ്റർ ജേക്കബ് വർഗീസ്, സൈബ മോൻസൻ, റെജിനോൾഡ്.

**മേഴ്സി പണിക്കർ**



**ഒക്കലഹോമ:** മാവേലിക്കര വാണിയംപറമ്പിൽ പരേതനായ പാസ്റ്റർ ജി സാമുവേലിന്റെ മകളും സോളമൻ പണിക്കരുടെ ഭാര്യയുമായ മേഴ്സി പണിക്കർ (66) നിത്യതയിൽ. മക്കൾ: ക്രിസ്റ്റീന പണിക്കർ, ചാൾസ് പണിക്കർ, പീറ്റർ പണിക്കർ. മരുമകൾ: ശേബാ പണിക്കർ. ഒക്കലഹോമ ഐപിസി ഹെബ്രോൻ സഭയിൽ സംസ്കാര ശുശ്രൂഷ നടത്തി.

**മേരിക്കുട്ടി ഡാനിയേൽ**



**ഉദയ്പൂർ:** കൊട്ടാരക്കര തൃക്കണ്ണമംഗൽ മങ്ങാട്ടുകുന്നിൽ ചരുവിള പുത്തൻ വീട്ടിൽ (മറവൂർ) എം ഒ ഡാനിയേലിന്റെ സഹധർമ്മിണി മേരിക്കുട്ടി ഡാനിയേൽ (76) നിത്യതയിൽ. സംസ്കാരം ഉദയ്പൂർ ക്രിസ്ത്യൻ ഫെലോഷിപ്പ് സെമിത്തേരിയിൽ നടത്തി. മക്കൾ: ബാബുകുട്ടി (ബാബു മറവൂർ), മിനി, ബീന. മരുമക്കൾ: റീന, ജോർജ് വർഗീസ്, മാത്യു ശാമുവേൽ.

**മറിയാമ്മ ബേബി**



ഐപിസി എബനേസർ കടപ്പൂർ സഭാ അംഗം കല്ലുവേലിപ്പറമ്പിൽ മറിയാമ്മ ബേബി നിത്യതയിൽ. സംസ്കാരം നടത്തി. മക്കൾ: ബിനോയി കെ. പാസ്റ്റർ വിപിൻ ബേബി മരുമക്കൾ: ഷേബ, ലിജി.

# സണ്ടേസ്കൂൾ ടീച്ചേഴ്സ് ട്രയിനിംഗ് ക്യാമ്പ്

**പാസ്റ്റർ സാജൻ ഈശോ, പ്ലാച്ചേരി**

**കൊട്ടാരക്കര:** ഐ പി സി സണ്ടേസ്കൂൾസ് അസോസിയേഷൻ സംസ്ഥാന സമതിയുടെ നേതൃത്വത്തിൽ മേഖലകൾ കേന്ദ്രീകരിച്ച് നടത്തുന്ന പരിശീലന പദ്ധതിയുടെ ഭാഗമായി കൊട്ടാരക്കര മേഖലയിൽ രണ്ട് കേന്ദ്രങ്ങളിൽ നടത്തുന്നു. ആദ്യ പരിശീലന പരിപാടി 2023 ജൂലൈ 15 ന് രാവിലെ 9.30 മുതൽ പത്തനാപുരം പുതുവൽ കുറുമ്പകര ഐ പി സി ഏലിം ചർച്ചിൽ നടത്തുന്നു.

ഐ പി സി ജനറൽ ജോയിന്റ് സെക്രട്ടറി പാസ്റ്റർ തോമസ് ജോർജ് ഉദ്ഘാടനം ചെയ്യും. പത്തനാപുരം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സി.എ തോമസ്സിന്റെ സന്ദേശം നല്കും. സണ്ടേസ്കൂൾ സംസ്ഥാന ഭാരവാഹികൾ പാസ്റ്ററന്മാരായ ജോസ് തോമസ് ജേക്കബ്, തോമസ് മാത്യു ചാരുവേലി, റ്റി.എ തോമസ്, സഹോദരന്മാരായ ഫിന്നി പി.മാത്യു, ജെയിംസ് ജോർജ് വേങ്ങൂർ എന്നിവർ ക്ലാസ്സുകൾ എടുക്കും.

പാസ്റ്റർ സാജൻ ഈശോ, പ്ലാച്ചേരി, ബ്രദർ ജേക്കബ് ജോൺ എന്നിവർ കോ-ഓർഡിനേറ്റേഴ്സായി പ്രവർത്തിക്കുന്നു. മേഖല ഭാരവാഹികളായ പാസ്റ്ററന്മാരായ ബിജുമോൻ കിളിവയൽ, ബിജു ജോസഫ്, ബ്രദർ എ അലക്സാണ്ടർ എന്നിവർ നേതൃത്വം നൽകും. ജോയൽ ജെ.ബി & ടീം ഗാനശുശ്രൂഷ നടത്തും.

## റാങ്ക് നേടി



**പെരുമ്പെട്ടി:** കേരള യൂണിവേഴ്സിറ്റിയിൽ മാസ്റ്റർ ഓഫ് ഫിസിയോ തെറാപ്പിയിൽ ഒന്നാം റാങ്ക് ജിതിയ സൂസൻ വർഗീസ് നേടി. ഐപിസി ഫിലാഡൽഫിയ പെരുമ്പെട്ടി സഭാംഗമായ ജിതിയ ഉതിനിൽക്കുന്നതിൽ വർഗീസ് മാത്യു - സൂസമ്മ വർഗീസ് ദമ്പതികളുടെ മകളാണ്.

# പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം: രാജൻ ആര്യപ്പള്ളി പ്രസിഡന്റ്



നോർത്ത് അമേരിക്കൻ പെന്തക്കോസ്തൽ റൈറ്റേഴ്സ് ഫോറം മാധ്യമ പ്രവർത്തകരുടെ സമ്മേളനവും ഭാരവാഹികളുടെ തെരഞ്ഞെടുപ്പും ഫിലാദൽഫിയ പി സി എൻ എ കെ കോൺഫറൻസിൽ നടത്തപ്പെട്ടു.

പ്രസിഡന്റ് രാജൻ ആര്യപ്പള്ളി, വൈസ് പ്രസിസന്റ് സാം മാത്യു, ജനറൽ സെക്രട്ടറി നിബു വെള്ളവന്താനം, ജോ.സെക്രട്ടറി എബിൻ അലക്സ്, ട്രഷറാർ ഡോ. ജോളി ജോസഫ്, ലേഡീസ് കോർഡിനേറ്റർ: ഡോ. ഷൈനി സാം എന്നിവരെ ഭാരവാഹികളായി തിരഞ്ഞെടുത്തു.

# രാജൻ ആര്യപ്പള്ളിയുടെ പുസ്തകം 'തെരഞ്ഞെടുത്ത ലേഖനങ്ങൾ' പ്രകാശനം ചെയ്തു



**ലാങ്കാസ്റ്റർ:** ബിലീവേഴ്സ് ജേണൽ ചെയർമാനും ഐ പി സി ജനറൽ കൗൺസിൽ അംഗവുമായ ബ്രദർ രാജൻ ആര്യപ്പള്ളി രചിച്ച 'തെരഞ്ഞെടുത്ത ലേഖനങ്ങൾ' എന്ന പുസ്തകം 38-ാമത് PCNAK സമ്മേളനത്തിൽ പ്രകാശനം ചെയ്തു. ലാങ്കാസ്റ്ററിൽ നടന്ന പൊതു സമ്മേളനത്തിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയും ബിലീവേഴ്സ് ജേണൽ ചീഫ് എഡിറ്ററുമായ പാസ്റ്റർ സാംകുട്ടി മാത്യുവിൽ നിന്നും ഐ പിസി യു എസ് എ ഈസ്റ്റേൺ റീജിയൻ പ്രസിഡന്റ് റവ:ജോസഫ് വില്യം ആദ്യ കോപ്പി ഏറ്റുവാങ്ങി പ്രകാശനം നിർവഹിച്ചു.

# ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് പാസ്റ്റർ ബിനു തമ്പി ജനറൽ ഡയറക്ടർ

**ചിങ്ങവനം:** ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് ഡിപ്പാർട്ട്മെന്റ് ഡയറക്ടേഴ്സിനെ ജനറൽ സെക്രട്ടറി പാസ്റ്റർ ബിജു തമ്പി പ്രഖ്യാപിച്ചു.

പാസ്റ്റർ ബിനു തമ്പി കൊൽക്കൊത്ത (ജനറൽ ഡയറക്ടർ), പാസ്റ്റർ തോമസ് മാത്യു ചെന്നൈ (മിഷൻസ്), പാസ്റ്റർ ബിജു കുര്യൻ മീറജ് (പ്രയർ), പാസ്റ്റർ റെജി കുര്യൻ ദോഹ (പാസ്റ്റേഴ്സ് വെൽഫെയർ & ചാരിറ്റി). പാസ്റ്റർ മാർട്ടിൻ ഫിലിപ്പ് ഗോവ (ടെയിനിങ്ങ് & ഡവലപ്പ്മെന്റ്) പാസ്റ്റർ ചാൾസ് തോമസ് ജോസഫ് ബെൽഗാം (യൂത്ത്), പാസ്റ്റർ സാബു കെ.ജി. മംഗലാപുരം (ചിൽഡ്രൻസ്), സിസ്റ്റർ മറിയാമ്മ തമ്പി ചിങ്ങവനം (ലേഡീസ്), പാസ്റ്റർ വിനോദ് ചാക്കോ മൈസൂർ (ലീഗൽ & കംപ്ലെൻസ്), ബ്രദർ അജേഷ് ജോസ് മുംബൈ, പാസ്റ്റർ ഏബ്രഹാം മാത്യു കൊൽക്കൊത്ത (അഡ്മിൻ), പാസ്റ്റർ സുജിത് പി.എസ്. ചിങ്ങവനം (മീഡിയ & കമ്മ്യൂണിക്കേഷൻ) തുടങ്ങിയവർ വിവിധ ഡിപ്പാർട്ട്മെന്റുകൾക്ക് നേതൃത്വം നൽകും.

# NACOG കോൺഫറൻസ് നോർത്ത് കരോളിനയിൽ



2024-ൽ നോർത്തമേരിക്കയിലെ മലയാളി ചർച്ച് ഓഫ് ഗോഡ് വിശ്വാസികളുടെ ദേശീയ സമ്മേളനം നോർത്ത് കരോളിനയിൽ നടക്കും.

പാസ്റ്റർ സൈമൺ ഫിലിപ്പാണ് (നാഷണൽ പ്രസിഡന്റ്) റവ. ഏബി മാമ്മൻ (വൈസ് പ്രസിഡന്റ്) വിജു തോമസ് (സെക്രട്ടറി), റ്റിനു മാത്യു (ട്രഷറാർ), ആൽവിൻ ഉമ്മൻ (യൂത്ത് ഡയറക്ടർ), സുജൻ ചെറിയാൻ, (ലേഡീസ് കോ-ഓർഡിനേറ്റർ), സൂസൻ ഷിബു (സെക്രട്ടറി) ഓമന ഉമ്മൻ (ട്രഷറാർ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.

# ഏ. ജി. മലയാളം ഡിസ്ട്രിക്ട് ജനറൽ ക്യാമ്പ്

## 2023 ആഗസ്റ്റ് 29, 30, 31, 1

**പുനലൂർ:** അസംബ്ലിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിന്റെ യുവജന വിഭാഗമായ ക്രൈസ്റ്റ് അംബാസിഡേഴ്സിന്റെ ജനറൽ ക്യാമ്പ് ആഗസ്റ്റ് 29, 30, 31, 1 (ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി) തിയതികളിൽ കുട്ടിക്കാനം മാർ ബെസേലിയോസ് എൻജിനിയറിങ്ങ് കോളേജിൽ നടക്കും. തൃശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ഏ.ജി സഭകളിൽ നിന്നായി ആയിരത്തിലധികം സി.എ അംഗങ്ങൾ പങ്കെടുക്കും. ഡിസ്ട്രിക്ട് സി എ പ്രസിഡന്റ് പാസ്റ്റർ ജോസ് റ്റി ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന ക്യാമ്പ് 29 ന് സഭാ സൂപ്രണ്ട് റവ.റ്റി.ജെ സാമുവൽ ഉദ്ഘാടനം ചെയ്യും.

വിഞ്ജാനപ്രദവും ആത്മിക പ്രചോദനവുമായ ക്ലാസുകൾ, ചർച്ചകൾ, കാത്തിരിപ്പു യോഗം, ഗെയിമുകൾ തുടങ്ങി വിവിധ പ്രോഗ്രാമുകൾ ഈ ക്യാമ്പിൽ ക്രമീകരിച്ചിട്ടുണ്ട്. യുവജനങ്ങൾ ഈ കാലഘട്ടത്തിൽ അഭിമുഖീകരിക്കുന്ന വിഷയങ്ങളെ ആസ്പദമാക്കി പ്രത്യേക കൗൺസിലിങ്ങ് ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്.

ബൈബിൾ ക്ലാസുകൾക്കും പ്രഭാഷണങ്ങൾക്കും ഗാനശുശ്രുഷകൾക്കും അനുഗ്രഹിതരായ ദൈവദാസൻമാരും അദ്ധ്യാപകരും നേതൃത്വം നല്കും. പ്രസിഡന്റ് പാസ്റ്റർ ജോസ് ടി ജോർജ്, വൈസ് പ്രസിഡന്റ് പാസ്റ്റർ അജീഷ് ക്രിസ്റ്റഫർ, സെക്രട്ടറി പാസ്റ്റർ ഷിൻസ് പി റ്റി,ജോയിന്റ് സെക്രട്ടറി ബിനീഷ് ബി പി, ട്രഷറർ പാസ്റ്റർ ജെ.എം രജീഷ്, ചാരിറ്റി കൺവീനർ ജോയൽ മാത്യു, ഇവാഞ്ചലിസം കൺവീനർ പാസ്റ്റർ സിജു മാത്യു എന്നിവർ സി എ ക്യാമ്പിന് നേതൃത്വം നല്കും.





MOB: 9526602670
beljourn@gmail.com
VOL 16, ISSUE 07
Price: ₹ 10

BELIEVERS JOURNAL
PUBLISHED ON 25/07/2023

BELIEVERS JOURNAL
Post Box No: 58
Kumbanad P.O.
Thiruvalla - 689 547

RNI. NO. KERMAL/2008/26530
beljourn.com/ www.bjournal.org
E-mail: beljourn@gmail.com




Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.